2006

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

MALANKARASABHA

ഫെബ്രുവരി





ഓതറയിലെ 'ഏയ്ഞ്ചൽ'
മലങ്കരയുടെ സൂര്യതേജസ്വി
സ്വർഗ്ഗീയ ഗണങ്ങളിലേക്ക്...

ഈ വിയോഗം
തീരാ നഷ്ടം...

ഇനി ...
നിലയ്ക്കാത്ത നറും
പുഞ്ചിരിയോടെ
ഹൃദയങ്ങളിൽ ചിരസ്മരണ.
ഈപ്പൻ കുന്നിന്
വിശുദ്ധിയുടെ പരിമളം.



മലങ്കരസഭാ ഭാസുരൻ :
പ. വട്ടശ്ശേരിൽ തിരുമേനിയുടെ
ഓർമ്മപെരുനാൾ
ഫെബ്രുവരി – 23









# മലങ്കരസഭ

ലക്കം 2, പുസ്തകം 62
ഫെബ്രുവരി 2006





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone (Off)0468- 2222243, (Res)2325942

**വൈസ് പ്രസിഡന്റ്**
ഡോ. യൂഹാനോൻ മാർ മിലിത്തോസ്
ഫോൺ: 0487 - 2371039, 2371748 (Fax)

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജോൺ പണിക്കർ
ഫോൺ: 0481 - 2568083, 2566526

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0468 - 3951387 (Res.)
Mob:-9447300908

**സബ് എഡിറ്റർ**
ഫാ. തോമസ് പി. മുകളിൽ
ഫോൺ: 0474 - 2651790 (Res.)
Mob:-9447421948

**ഓഫീസ് മാനേജർ**
ഫാ. അലക്സി മാത്യൂസ്
ഫോൺ: 0481 - 2471910 (Res.)


## വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | |
| ഒറ്റപ്രതി | : 7 രൂപ |
| ഒരു വർഷം | : 75 രൂപ |
| 4 വർഷം | : 300 രൂപ |
| 10 വർഷം | : 750 രൂപ |
| വിദേശത്തേക്ക് | |
| ഒരു വർഷം | : 600 രൂപ |


*Cover Design & Type Setting:-*
M.S. Graphics, Devalokam.


# ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**

4 തീർത്ഥാടക നായകന് സ്നേഹാഞ്ജലി
- ഫാ. ഡോ. ജോൺ പണിക്കർ

5 മഹാപുരോഹിത സന്ദേശം

**ലേഖനങ്ങൾ**

7 THE ORTHODOX CHRISTIAN YOUTH....
- Metropolitan Philipos Mar Eusebius

9 അദ്വൈതവും അദ്വൈതവും : ചില സംശയങ്ങൾ
- ഫാ. ഡോ. കെ. എം. ജോർജ്ജ്

16 അപ്പോസ്തോലനും അപ്പോസ്തോലകത്വവും സഭയിൽ
- ഫാ. സി. കെ. വറുഗീസ്, കൊച്ചേരിൽ

**അനുസ്മരണം**

14 ഹൃദയങ്ങളിൽ ചിരസ്മരണ....
- തോമസ് പി. കത്തനാർ

15 പരിശുദ്ധ ബാവായുടെ അന്ത്യ നിമിഷങ്ങൾ
- സിബി ശെമ്മാശ്ശൻ

ധ്യാനപംക്തി, വിശ്വാസപാഠം,
ബൈബിൾ പദപ്രശ്നം, ബാലസഭ,
വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ



ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 2573234
Fax : +91 481 2573234

എഡിറ്റോറിയൽ

# തീർത്ഥാടക നായകന് സ്നേഹാഞ്ജലി

മലങ്കരസഭയുടെ ആത്മീയ തീർത്ഥാടകൻ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ സ്വപ്ന ഭൂമിയിലേക്കു യാത്ര പോയിരിക്കുന്നു. സാത്വിക വരദാനങ്ങളുടെ സമന്വയം ഉന്നതങ്ങളിലേക്കു കരേറിയിരിക്കുന്നു. കൊല്ലം പെരിനാട് പുതുശേരഴികത്തു വീട്ടിലെ കൊച്ചുണ്ണൂണ്ണി എന്ന മാത്യൂസ് ഭാരതസഭയുടെ ആറാമത്തെ കാതോലിക്കാ ആയി പ്രശോഭിച്ച ശേഷം 2006 ജനുവരി 26–ന് മിന്നിമറഞ്ഞപ്പോൾ തലമുറകളുടെ ശോഭയുള്ള ചരിത്രം തെളിഞ്ഞുവരുന്നു.

വിസ്മയജീവിതത്തിന്റെ ഒമ്പത് പതിറ്റാണ്ടുകൾ ഭാരതസഭയ്ക്കു പകർന്നു നൽകിയ സൗരഭ്യവും ശോഭയും അതുല്യമാണ്. സുന്ദരമായ ആകാരം, സ്നേഹം തുളുമ്പുന്ന മന്ദഹാസം, വശ്യമായ സംസാരം, ആഴമേറിയ ദൈവഭക്തി തുടങ്ങിയ സർവ്വഗുണങ്ങളും അലിഞ്ഞു ചേർന്ന മഹാവ്യക്തിത്വം മാർത്തോമ്മാ ശ്ലീഹായിൽ ആരംഭിച്ച ഒരു വലിയ സഭാ പൈതൃകത്തിന്റെ അവകാശിയായപ്പോൾ സഭാമക്കൾക്കതഭിമാനമായി. കർത്താവിലും അപ്പോസ്തോലന്മാരിലും ആരംഭിച്ച സാത്വിക ശോഭയുള്ള ജീവിതശൈലി പിൻതുടർന്ന പ. പിതാവ് ആരാധനയിലൂടെ സ്വർഗ്ഗീയ തേജസ്സണിഞ്ഞ ശ്രേഷ്ഠാചാര്യനായപ്പോൾ സഭാമക്കൾക്ക് അത് ആത്മീയ ജീവിതാനുഭവമായി.

പ. പിതാവിന്റെ നേതൃത്വത്തിൽ കേരളത്തിലെ എക്യുമെനിക്കൽ–മദ്യവർജ്ജന പ്രസ്ഥാനങ്ങൾക്കുണ്ടായ വളർച്ച അവർണ്ണനീയമാണ്. ഓർത്തഡോക്സ് സഭയുടെ വിശ്വാസവും ആരാധനയും അണുവിട വ്യത്യാസമില്ലാതെ ഊട്ടിയുറപ്പിച്ച തിരുമേനി ഇതര സഭകളോടും മതങ്ങളോടും വച്ചു പുലർത്തിയ ആദരവ് അവിസ്മരണീയമാണ്.

ഇംഗ്ലീഷും മലയാളവും സുറിയാനിയും അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള ഭാഷാ പ്രാവീണ്യം സിദ്ധിച്ച പ. പിതാവ് വിദ്യാഭ്യാസ സ്വാതന്ത്ര്യം, ദളിത സമൂഹത്തിനു ലഭ്യമാകേണ്ട നീതി എന്നിവയ്ക്കു വേണ്ടിയുള്ള പോരാളിയും കാലം ആവശ്യപ്പെട്ട രീതിയിൽ സ്ഥാപനങ്ങളുടെ നിർമ്മാണത്തിന് മുന്നിട്ടിറങ്ങിയ കർമ്മയോഗിയും ആയിരുന്നു. കേരളത്തിൽ വർഗ്ഗീയ വൈരത്തിന്റെ സ്രോതസ്സാകാമായിരുന്ന നിലയ്ക്കൽ പ്രശ്നത്തെ അതിരമ്യമായി പരിഹരിച്ചതിന് കത്തോലിക്കാസഭയടക്കമുള്ള മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് നേതൃത്വം നൽകിയ പ. പിതാവിനോട് ഭാരതജനത ഒന്നാകെ കടപ്പെട്ടിരിക്കുന്നു.

എപ്പോഴും സമാധാനവും അനുരഞ്ജനവും ആഗ്രഹിച്ച ശ്രേഷ്ഠ ഇടയൻ, പ. പാത്രിയർക്കീസ് ബാവായ്ക്കും അദ്ദേഹത്തോടൊപ്പം നിൽക്കുന്നു, എന്ന ശബ്ദമുണ്ടാക്കുന്ന വിഘടിത വിഭാഗത്തിനും വേണ്ടി സ്ഥിരമായി പ്രാർത്ഥിക്കുമായിരുന്നു. സഭാ വിജ്ഞാനീയത്തിനും കാനോനകൾക്കും വിരുദ്ധമായി സ്ഥാനമാനങ്ങൾ എടുത്തണിയുവാൻ വേണ്ടി മാത്രം വെള്ളം കലക്കിയവർ സഭയിൽ സമാധാനവും അനുരഞ്ജനവും കൈവരുത്തുവാൻ അദ്ദേഹത്തെ അനുവദിച്ചില്ല. വിശ്വാസികളുടെ അജ്ഞതയെ ചൂഷണം ചെയ്യുന്ന 'നേതാക്കൻമാർ' അതനുവദിച്ചില്ല എന്നു പറയുന്നതാകും കൂടുതൽ ശരി. വിദേശസഭകൾ ഭാരതസഭയ്ക്കു ചെയ്തു നൽകിയ നന്മകൾക്ക് നന്ദിയും സ്നേഹവും ആദരവും തിരിച്ചു നൽകുന്നതിനോടൊപ്പം അവരുടെ കൊളോണിയൽ അടിമത്വ സംവിധാനങ്ങളിൽ നിന്ന് വിമോചനം ഉണ്ടാകണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്ക് പ. പിതാവിന്റെ ദർശനത്തിലെ അർത്ഥം മനസ്സിലാക്കാവുന്നതേയുള്ളൂ.

ഭാരതസഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ മാർത്തോമാ/കാതോലിക്കാ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി സഭാ സമാധാനത്തിനു വേണ്ടി നടത്തിയ എല്ലാ ശ്രമങ്ങളുടെയും പ്രാർത്ഥനാ മന്ത്രങ്ങളുടെയും ശക്തിയാൽ നമുക്ക് ഇനിയും നന്മ പ്രതീക്ഷിക്കാം. വിശുദ്ധരുടെ സംഘത്തോട് ചേർന്നിരിക്കുന്ന പിതാവ് തന്റെ മദ്ധ്യസ്ഥതയാൽ സ്വർഗ്ഗത്തിലേക്ക് നമ്മെ നയിക്കട്ടെ! പ. പിതാവിന് മലങ്കരസഭാ മക്കളുടെ സ്നേഹാഞ്ജലി.

– ജോൺ പണിക്കരച്ചൻ

❖



# മഹാപുരോഹിതസന്ദേശം



വാത്സല്യ മക്കളേ,

ബലഹീനനായ നമ്മുടെ മുൻഗാമിയും പ. മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സഭാ മഹാപുരോഹിത പാരമ്പര്യത്തിലെ എൺപത്തൊമ്പതാമത്തെ കണ്ണിയുമായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ മഹത്വപ്രവേശനം ഭൗമികർ എന്ന നിലയിൽ ദുഃഖത്തോടും ആത്മീയർ എന്ന നിലയിൽ പ്രത്യാശയോടും കൂടിയാണ് നാം ഏവരും നോക്കിക്കാണുന്നത്. ജീവിത വിശുദ്ധിയും കർമ്മ വിശുദ്ധിയും ഒരു വ്യക്തിത്വത്തിൽ സമന്വയിപ്പിച്ചുകൊണ്ട് സന്യാസ ജീവിതത്തിന്റെ കഠിനമായ തപോനിഷ്ഠയിലൂടെ സഭാമക്കളെ സ്വർഗ്ഗത്തിലേക്കു നയിച്ച പ. പിതാവിന്റെ സ്വർഗ്ഗ പ്രവേശന മഹാസംഭവം നമുക്കേവർക്കും അഭിമാനവും ജീവിതാനുഭവവുമാണെന്നതിൽ സംശയം വേണ്ട.

അതിപുരാതന മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ കഴിഞ്ഞ പതിനഞ്ചു വർഷക്കാലയളവിനുള്ളിൽ പ. പിതാവിന്റെ നേതൃത്വ പാടവം മൂലം സഭാ മക്കൾക്കുണ്ടായ ആത്മീയ ചൈതന്യം പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. സഭയ്ക്കും സമൂഹത്തിനും പ്രയോജകീഭവിക്കത്തക്ക രീതിയിൽ പല നൂതന പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പാക്കുവാൻ പ. പിതാവിന് സാധിച്ചു എന്നത് ചാരിതാർത്ഥ്യജനകമാണ്. ഉപവാസവും ദാരിദ്ര്യവും ഒത്തുചേർന്നുള്ള പ്രാർത്ഥനാജീവിതവും അഗ്നിപരീക്ഷകളെ അഭിമുഖീകരിച്ചുകൊണ്ടുള്ള ജീവിതക്രമവും ദൈവകൃപയുടെ മാധുര്യം പകരുന്ന പ്രഭാഷണങ്ങളും പ. പിതാവിന്റെ അലങ്കാരങ്ങളായിരുന്നു.

മലങ്കരമക്കൾ സ്വർഗ്ഗത്തിലേക്കു നോക്കി യാത്ര ചെയ്യുന്ന തീർത്ഥാടക സമൂഹമാണെന്ന പ. പിതാവിന്റെ പ്രഖ്യാപനം സമൂഹമുമ്പാകെയുള്ള നമ്മുടെ വിശുദ്ധവും അതുല്യവുമായ സ്ഥാനം ഉറപ്പിക്കുന്നതാണ്. സഭയ്ക്കു വേണ്ടിയും സമൂഹത്തിനുവേണ്ടിയും പ്രപഞ്ചത്തിനുവേണ്ടിയും നിരന്തരമായി പ്രാർത്ഥിച്ചിരുന്ന പിതാവ് ശത്രുക്കളെ സ്നേഹിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്നു. പ. സഭയുടെ പാരമ്പര്യങ്ങളും വിശ്വാസവും ആരാധനയും മുറുകെ പിടിച്ചുകൊണ്ട് സഭാമക്കളെ ദൈവത്തിങ്കലേക്കു നയിച്ച് സ്വർഗ്ഗീയ പ്രവേശനം സാദ്ധ്യമാക്കിയ പ. പിതാവിനെ നമ്മുടെ പ്രാർത്ഥനകളിലും കുർബ്ബാനകളിലും നാം സ്ഥിരമായി ഓർക്കണം. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ നിങ്ങളെ ഏവരെയും നാം സർവ്വശക്തനായ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കുന്നു.

വീണ്ടും വാത്സ്യല്യമുള്ളവരെ,

വി. മൂന്നുനോമ്പും വലിയ നോമ്പിന്റെയും ആരംഭവും ഫെബ്രുവരി മാസത്തിലാണെന്ന വസ്തുത നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. പ്രാർത്ഥനയോടുകൂടെ ദൈവസന്നിധിയിൽ പ്രവേശിച്ച് ജീവിതയാത്ര തുടരുവാൻ ദൈവം തമ്പുരാൻ നോമ്പു സമയങ്ങളിൽ പ്രത്യേകമായി നമ്മോട് ആഹ്വാനം ചെയ്യുന്നു.

മലങ്കരസഭാ ഭാസുരൻ പ. വട്ടശ്ശേരിൽ തിരുമേനിയുടെ 72–ാം ഓർമ്മപ്പെരുന്നാൾ ഈ മാസം 23–ാം തീയതി അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന പഴയ സെമിനാരിയിൽ നാം കൊണ്ടാടുകയാണ്. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും തനിമയ്ക്കും വേണ്ടി അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ സഭാമക്കളാൽ സ്മരിക്കപ്പെടേണ്ടതാണ്. നമ്മുടെ എല്ലാ ദേവാലയങ്ങളിലും പെരുന്നാളിനോടനുബന്ധിച്ച ദിനങ്ങളിൽ പ. വട്ടശ്ശേരിൽ തിരുമേനിയെ ഓർക്കുകയും എല്ലാ ദൈവമക്കളും പഴയ സെമിനാരിയിൽ നടക്കുന്ന പെരുന്നാൾ ചടങ്ങുകളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുകയും ചെയ്യണമെന്ന് നാം സ്നേഹപൂർവ്വം താല്പര്യപ്പെടുന്നു.

സർവ്വശക്തൻ നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെ...



# അനുശോചനങ്ങൾ അനുശോചനങ്ങൾ അനുശോചനങ്ങൾ



## ഐക്യ സംവാദ കമ്മീഷൻ

ഓറിയന്റൽ ഓർത്തഡോക്സ് സഭകളും റോമൻ കത്തോലിക്കാ സഭയും തമ്മിലുള്ള ഐക്യസംവാദങ്ങൾക്കു വേണ്ടി രൂപീകരിച്ചിരിക്കുന്ന അന്തർദേശീയ കമ്മീഷൻ പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. കത്തോലിക്കാ സഭയുടെ കർദ്ദിനാൾ വാൾട്ടർ കാസ്പർ, കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ അൽബാ ബിഷോയ് മെത്രാപ്പോലീത്താ, സുറിയാനി ഓർത്തഡോക്സ് സഭയുടെ ജോർജ് സലീബാ മെത്രാപ്പോലീത്താ എന്നിവർ പ. ബാവാതിരുമേനിയെ അനുസ്മരിച്ചുകൊണ്ടു സംസാരിച്ചു. സഭകളുടെ ഐക്യത്തിനുവേണ്ടി പ. ബാവാ തിരുമേനി നൽകിയ സംഭാവനകളെ പ്രകീർത്തിച്ചുകൊണ്ട് അർമ്മീനിയൻ സഭയുടെ നാരേക് മെത്രാപ്പോലീത്താ പ്രഭാഷണം നടത്തി. ഐക്യ സംവാദ അന്തർദേശീയ കമ്മീഷന്റെ നേതൃത്വത്തിൽ അനുസ്മരണ പ്രാർത്ഥന നടത്തി. മലങ്കരസഭയിൽ നിന്ന് അഭി. ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ, ഫാ. ഡോ. ജോൺ പണിക്കർ എന്നിവർ സന്നിഹിതരായിരുന്നു.

**ആലുവ:-** പ. ബാവാ തിരുമേനിയുടെ ദേഹവിയോഗത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഈ മാസം 12-ന് ആലുവ പ്രിയദർശിനി ഓാഡിറ്റോറിയത്തിൽ അനുസ്മണം നടത്തുന്നു. വൈകിട്ട് 4 മണിക്ക് യോഗം ആരംഭിക്കും. യോഗത്തിൽ കേന്ദ്ര മന്ത്രി വയലാർ രവി പങ്കെടുക്കുന്നു.

പ. ബാവാ തിരുമേനിയുടെ ദേഹവിയോഗത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് മലങ്കര സഭ മാസികയ്ക്കുവേണ്ടി മാനേജിംഗ് എഡിറ്റർ ഫാ. റ്റി. എ. ഇടയാടിയും, മറ്റ് സ്റ്റാഫംഗങ്ങളും റീത്ത് സമർപ്പിച്ചു.

## അർമ്മീനിയൻ സഭ

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ നിര്യാണത്തിൽ അർമ്മീനിയൻ അപ്പോസ്തോലിക സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പ. കരേക്കിൻ രണ്ടാമൻ ക്കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുസ്മരണ യോഗത്തിൽ സഭയുടെ എക്യുമെനിക്കൽ വിഭാഗ തലവൻ അഭിവന്ദ്യ യെസ്നിക് തിരുമേനി അനുസ്മരണ പ്രഭാഷണം നടത്തി. പ. കരേക്കിൻ ബാവായുടെ സ്ഥാനാഭിഷേകത്തിന് പ. മാത്യൂസ് ദ്വിതീയൻ ബാവാ നേതൃത്വം നൽകിയതിനെ പ്രത്യേകം അനുസ്മരിച്ചു. പ. അർമ്മീനിയൻ കാതോലിക്കായുടെ മുഖ്യ കാർമ്മികത്വത്തിൽ എച്ച്മിയാഡ്സിൻ കത്തീഡ്രലിൽ വി. കുർബ്ബാനയും ധൂപപ്രാർത്ഥനയും നടത്തി.

## കത്തോലിക്കാ സഭ

ദൈവജനത്തിന്റെ വിശ്വസ്തനായ ഇടയനായിരുന്നു പ. കാതോലിക്കാ ബാവായെന്ന് പോപ്പ് ബെനഡിക്ട് പതിനാറാമൻ തന്റെ അനുശോചന സന്ദേശത്തിൽ അറിയിച്ചു. തന്റെ മുൻഗാമിയുമായും കത്തോലിക്കാ സഭയുമായും പ. ബാവായ്ക്കുണ്ടായിരുന്ന ഊഷ്മള ബന്ധത്തെ അദ്ദേഹം പ്രത്യേകം അനുസ്മരിച്ചു.

## സോണിയാഗാന്ധി

വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ നിസ്തുല സേവനം നൽകിയ സ്നേഹത്തിന്റെ പ്രതീകമായിരുന്നു പ. ബാവായെന്ന് സോണിയാ ഗാന്ധി സന്ദേശത്തിൽ അറിയിച്ചു. പ. പിതാവ് സമാധാനത്തിന്റെ പടയാളിയായിരുന്നു. ഭക്ത സഹസ്രങ്ങളോടും ആരാധകരോടുമൊപ്പം ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും സോണിയാ ഗാന്ധി അറിയിച്ചു.

### മറ്റു പ്രമുഖർ, പ്രസ്ഥാനങ്ങൾ

ബോംബെ ആർച്ച് ബിഷപ്പ് കർദിനാൾ ഐവാൻ ഡയസ്, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ, മഹാരാഷ്ട്ര ഗവർണർ എസ്.എം. കൃഷ്ണ, സി.എസ്.ഐ. ബിഷപ്പ് ഗ്ലാഡ്സ്റ്റൺ, റിട്ട. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ, സാമുവേൽ കോംബിയാ (W.C.C.), എൻ.സി.സി.ഐ., ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ തുടങ്ങിയ പ്രമുഖരായ വ്യക്തികളും പ്രസ്ഥാനങ്ങളും ഫാക്സ് സന്ദേശങ്ങളിലൂടെ തങ്ങളുടെ അനുശോചനം രേഖപ്പെടുത്തി.

*മാർച്ച് ലക്കം:* ▶▶▶

### പ. മാത്യൂസ് ദ്വിതീയൻ ബാവാ സ്പെഷ്യൽ പതിപ്പ്

മലങ്കര സഭയുടെ സൂര്യതേജസ്വിയായ കാലം ചെയ്ത പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ചിരസ്മരണകൾ ഉൾക്കൊള്ളിച്ചുകൊണ്ട് മാർച്ച് ലക്കം മലങ്കരസഭ പുറത്തിറക്കുന്നു.

പ. പിതാവിന്റെ അപൂർവ്വ ചിത്രങ്ങൾ, ഹൃദയ സ്പർശിയായ സംഭവങ്ങൾ തുടങ്ങിയവ അയച്ചു തന്നാൽ പരിഗണിക്കുന്നതാണ്.

കൂടാതെ പരസ്യങ്ങൾ, ലേഖനങ്ങൾ, ഉപകാര സ്മരണകൾ തുടങ്ങിയവയും ക്ഷണിക്കുന്നു.

എഡിറ്റർ.





Metropolitan Philipos Mar Eusebius

# THE ORTHODOX CHRISTIAN YOUTH MOVEMENT OF THE EAST: A BRIEF HISTORICAL SURVEY



From available records and documents one could trace the roots of the youth work in the Malankara Orthodox Church to the early stirrings in the last decade of the 19th century, precisely from 1892 onwards. The immediate impact of the CMS mission of help to the Syrian church resulted:

1) The formation of the CMS church from 1840 onwards and 2) The development of a renewal or revival group within the church under the leadership of Palakkunnathu Abraham Malpan.

The historic Mulanthuruthy Synod of 1876 presided over by the visiting Patriarch of Antioch, Peter III condemned the renewal group which resulted in protracted litigations. The final verdict of the Travancore High Court in 1889 favoured the Malankara Metropolitan Pulikottil Joseph Mar Dionysious and the renewal group separated from the church and subsequently assumed the name "The Mar Thoma Syrian Church". After the Mulanthuruthy synod the Church was divided into seven dioceses and six more Bishops were consecrated. The youngest among them-Mar Gregorios Chathuruty (Parumala Mar Gregorios) consecrated in Dec. 1876 was placed in charge of the three southern Dioceses of Niranam, Thumpamon and Quilon, where the reforming group was wide spread and strong. These events turned a new leaf in the chequered history of the Malankara Orthodox Church for the better.

Devout and dedicated as he was, the saintly Bishop was determined to meet the situation. He called a joint meeting of all the clergy (both priests and deacons) in the three dioceses in 1892 at Parumala. After explaining the critical situation facing the church he organized "the Malankara Syrian Cleric Association" inclusive of all the clergy in the Church. He emphasised the great need of added Vigour on the part of the clergy to improve the pastoral ministry and starting preaching and evangelistic activities. The prime importance was given to spiritual organisation such as Sunday School, Suvisesha Sangham etc. for the better nurturing of the members and evangelistic witness among the non-believers. The Edavaka Patrika, the official publication of the Church reported about the activities promptly. **The yuvajana Sangam at Niranam was lead** and instructed by Malapan V.J. Geevarghese Vattasseril (Later Mar Dionysius). Under the leadership of Alumoottil George Paulose, the youth of Ayyam Pally - Cherai, Parur met with the aim of learning the faith, work to make up for the past failures and preaching the Gospel. Surch youth groups (Yuvajana Sangams met in different places like Ayroor, Ranni, Kottayam, Kunnamkulam, Niranam, Vanchitra, Maramon, Parumala etc. These were independent activities according to the local leadership without any central coordination. **So isolated Yuvajana Sangams were working in various places.** On his return from his historic pilgrimage to the Holy Land in 1895 Mar Gregorios all the more emphasised the need of spiritual activities with the cooperation of competent lay people. Imparting education to the backward communities was also insisted. This tempo was further strengthened even after his sudden demise in 1902, by forming mar Gregorios memorial suvisesha sangams in more places. The educated Youth was awakened to their responsibilities and consequently the Syrian students conference, bringing together all our students in Colleges & High Schools, was started in 1908 chiefly with the initiative coming from our educated youth in Madras. With the blessing of the then Malankara Metropolitan Jospeh mar Dionysios and under the leadership of Ramban V.J. Geevarghese (Later Mar Dionysios Vattasseril) the first conference was held at Thiruvalla. Balikamadom High School. This annual activity was carried on systematically in an organised way every year.

In the Silver Jubilee celebration (25th session) of the Student Conference in 1933 at Balikamadom Sri. K.M. Cherian Kandathil, then lecturer in Madras Christian College, made the proposal that a similar Parish-

Centred organisation be formed for the spiritual upbringing of **Youths who are not students.**

This idea was followed up through the Bethany Masika by young leaders like Fr. T.S. Abraham, Ayroor, George Vallakalil, E. J. John, C.M. John, Puliyoor and others. Enthusiastic responses came from different quarters and the **"Syrian Yuvajana Sangam" was formed in 1933 with Joseph Mar Severios Valakuzhyil Episcopa** as president and Fr. T. S. Abraham as Secretary. With the exit of Mar Severios in 1936 as he embraced Roman Caholicism (Syro Malankara Rite) the samajam suffered a severe blow.Undaunted by the set back, at the initiate and encouragements of leaders like Pathros Mathai, George Vallakkalil and others a conferance with a wider perspective was organised in 1936 at Mavelikara and Clery P.E. Daniel, (Later mar Philoxenos) secretary of the Thumpamon Diocese, was made the general Secretary for the whole samajam and Metropolitan Geevarghese mar Philoxenos (Puthenkavu) came to the leadership, and till his sudden demise in 1951 he remained at the hem of affairs. So we have a protracted history beginning with the nineteenth century and as we celebrate the **"Sapthathy" now, we take into consideration the formation of the Samajam for the wider Church only.** On parish level and Diocesan level the work was carried on till then.

In 1954 further development took place with the appointment of T.C. Oommen, Puthuppally as the general Secretary of the Youth movement with Devalokam as the headquarters. But he could not continue for long. Metropolitan Mathews mar Coorilos assumed the presidental responsibility and Dn. K. C. Oommen (later Ramban Thephoros) became the general secretary. The annual conference held in 1958 in Puthuppally broke new grounds and decisions were made to start a publication with the name "The Orthodox Youth" as the official organ of the Movement. Dn. Daniel N. Varghese was appointed chief editor and he discharged his responsibility very ably till he left for Ethiopia to teach there. During the tennure of Dn. K.C. Oommen, the number of units of the movement increased considerably spreading in Thumpamon, Quilon and Niranam Dioceses and the activities of units were strengthend. We appointed a fulltime organizing secretary and Fr. T.G. John (Pathanamthitta) worked very ably as surch from 1958-60 and the units were strengthended In 1961 Fr. T.J. Joshua was appointed general Secreatary and with his vigour and eloquence he could multiply the number of units and activities further. We developed an emblem with the motto-Worship Study-Service and a new constitution was drawn. Publication of Bible Reading cards, Bible study, Seminars, regular meetings of units, helping the poor and needy etc. were emphasised. Work camps were organised in places like Chittar-Koothattukulam, Thannithodu etc to establish Churches for the sake of new settlers.

Regular annual conferences were the occasions where important decisions were made. Among the venues for conferences we find places like Kottayam, Mavelikkara, Manarcadu, Puthuppally, Puthen cavu, Pathanamthitta, Thiruvalla, Pathichira etc. After peace was established in the Church following the vedict of the Supreme Court of India and the mutual accetance of the Catholicos and the Patriarch in 1958, conferences were held in the northern region as well. The conferences held in Karingachira and Piravom were very exciting. Visits to leprosy hospitals in Nooranadu and Koratty attracted enthusiastic response from members year after Year. The movement spread to the dioceses in due course and now we can find local units in almost all the parishes belonging to our Church the world over. In the region outside Kerala the Youth Movement and MGOCSM work Unitedly in parishes for the better. The present writer still nurtures the good memories of such working together in Bangalore, Coimbatore, Jalahalli, Calcutta etc. Infact the Youth movement and the student movement are the two wings of the Youth department of the Church just like the two sides of the same Tuning fork. Both the MGOCSM and OCYM are federated members of the 'Syndesmos' the World fellowship of Orthodox Youth. We cherish happy memories of our participation in the Syndesmos Assemblies in Rattvik (Sweeden), New Valamo monastery in Finland, Moscow and Albania. Our members have served the fellowship successfully as Vice-presidents and members of the general and executive committees. This cooperation continues.

Beginning with H.H. M.M. Baselius Geevarghese II Catholicos of the East and Malankara Metropolitan we enjoyed the benign patronage and blessings from all the Catholicoses. Also we had the blessing and guidance from all the Metropolitans who are Diocesan Presidents of the Movement. It was under the Presidentship of H.G. Mathews Mar Coorilos (later Catholicos Marthoma Mathews II) and H.G. Daniel Mar Philoxenos the Movement made significant progress in venturing forth to new dimensions. Their graces Thomas Mar Themotheus, (now Catholicos Dydimus I) Geevarghese Mar Osthathios, Paulose Mar Milithios and Jacob mar Ireneus added new vigour and vitality in thier own way in establishing youth centre in Kunnamkulam, organising flood relief work in Idukki and holding annual conferences in centres even outside the Kerala region, such as Bangalore, Madras, Bombay etc. The efforts to establish the headquarters in kottayam was undertaken under the Presidentship of H.G. Jacob Mar

Continued on page.- 13



ലേഖനം

# "അദ്വൈതവും അത്രൈതവും": ചില സംശയങ്ങൾ

ഫാ. ഡോ. കെ. എം. ജോർജ്ജ്



ഒരു പുരുഷായുസു മുഴുവൻ ദൈവവചനം പഠിക്കുകയും ധ്യാനിക്കുകയും പ്രഘോഷിക്കുകയും മനുഷ്യ സ്നേഹപരമായ നിരവധി പ്രവർത്തനങ്ങളിലൂടെ സുവിശേഷത്തെ സാക്ഷാത്ക്കരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ആദരണീയനായ ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി തന്റെ ആദ്ധ്യാത്മികാനുഭവത്തിന്റെ, രത്നച്ചുരുക്കമായിട്ടാണ് സ്നേഹത്തിന്റെ മതത്തെ അവതരിപ്പിക്കുന്നത്. നമുക്കെല്ലാം നിരന്തരം പ്രചോദനം നൽകുന്ന തിരുമേനിയുടെ വാക്കുകൾ: മതം മാറ്റമല്ല, മനം മാറ്റമാണ് ഉണ്ടാകേണ്ടത്. അവരവരുടെ മതത്തിൽ ഇരുന്നു കൊണ്ട് തന്നെ മറ്റുള്ളവരെ സ്നേഹിച്ചാൽ സ്നേഹത്തിന്റെ ഒരു പുതിയ മതം ഉണ്ടാകും.... സ്നേഹത്തിന്റെ മൂന്നു ലക്ഷണങ്ങൾ പങ്കിടൽ, സ്വയ പരിത്യാഗം, സന്തോഷം എന്നിവയാണ്.

ത്രിത്വ വിശ്വാസത്തിന്റെ സത്ത സ്നേഹമാണെന്നും സഭയുടെ സാമൂഹിക പ്രതിബദ്ധതയുടെയും അന്യോന്യമുള്ള കരുതലിന്റെയും പരമ മാതൃക ത്രിത്വത്തിലെ സ്നേഹത്തിന്റെ പങ്കിടൽ ആണെന്നും തിരുമേനി തന്റെ പുസ്തകങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും നമ്മെ ഇന്നും പഠിപ്പിക്കുന്നു. ഏറ്റം വിശിഷ്ടമായ ഉൾക്കാഴ്ചയാണ് തിരുമേനി നൽകുന്നത്. ഇതിനോട് ബന്ധപ്പെടുത്തി, തിരുമേനി രൂപം കൊടുത്ത അത്രൈത ചിന്തയെക്കുറിച്ച് ഒരു എളിയ അഭിപ്രായം രേഖപ്പെടുത്താനാഗ്രഹിക്കുന്നു. ശങ്കരാദ്വൈത ദർശനത്തിൽ അവഗാഹമുള്ള എന്റെ പ്രിയ സ്നേഹിതരായ ഡോ. ജേക്കബ് കുര്യനച്ചനും ഡോ. കെ.പി. ഏലിയാസ് അച്ചനുമൊക്കെയാണ് ഇതേക്കുറിച്ച് ആധികാരികമായി പറയാൻ കഴിവുള്ളവർ. അതുകൊണ്ട് എന്റെ ചില സംശയങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കുന്നു.

അദ്വൈതം എന്ന പദത്തിന് സമാന്തരമായിട്ടാണ് "അത്രൈതം" എന്ന വാക്ക് തിരുമേനി രൂപപ്പെടുത്തിയത്. ഇതിന് ഭാഷാസാധുതയുണ്ട്. എന്നാൽ ഈ വാക്കുകൾക്കു പുറകിലുള്ള ആശയങ്ങൾ തമ്മിലുള്ള ബന്ധമാണ് ഇവിടെ ചിന്തിക്കേണ്ടത്.

ലളിതമായി പറഞ്ഞാൽ, അദ്വൈത ചിന്തയിൽ രണ്ടുകാര്യങ്ങൾ ഊന്നിപ്പറയുന്നു.

(1) ജീവാത്മാവും പരമാത്മാവും രണ്ട് വ്യത്യസ്ത യാഥാർത്ഥ്യങ്ങളല്ല. പരമാർത്ഥത്തിൽ അവ ഒന്നുതന്നെയാണ്. അവയെ നാം രണ്ടായിക്കാണുന്നതും വ്യത്യസ്തമായി കരുതുന്നതും നമ്മുടെ മായാജടിലമായ അവിദ്യകൊണ്ടാണ്. അവിദ്യമാറി യഥാർത്ഥമായ ജ്ഞാനം കൈവരുമ്പോൾ അവ ഒന്നാണെന്ന് അനുഭവപ്പെടും. ഈ അറിവ് ബ്രഹ്മസാക്ഷാത്ക്കാരം തന്നെയാണ്.

(2) നമ്മുടെ വ്യാവഹാരികാനുഭവത്തിൽ, ലോകത്തിലുള്ള സകലത്തെയും വിവിധ നാമങ്ങളിലും വിവിധ രൂപങ്ങളിലുമാണ് നാമറിയുന്നത്. നമ്മുടെ ബാഹ്യേന്ദ്രിയങ്ങൾ മൂലം ലഭിക്കുന്ന ഈ അറിവ് ഭേദചിന്ത തമ്മിലുദിപ്പിക്കുന്നു.. അങ്ങനെ, ഒന്നിൽ നിന്ന് മറ്റത് ഭിന്നമാണ്, അത് ഇതിനോട് വിരുദ്ധമാണ്, ഇത് അതിനേക്കാൾ ചെറുതാണ് തുടങ്ങിയ ഭേദങ്ങൾ നാം ചുറ്റുപാടുകളിൽ ആരോപിക്കുന്നു. എന്നാൽ ഈ അറിവ് ആത്യന്തിക സത്യമല്ല. "ബ്രഹ്മ സത്യം ജഗ്ത്മിഥ്യ" എന്ന അദ്വൈത ചിന്തയനുസരിച്ച് ഈ ജഗത്തും അതിനുള്ളിൽ നാം അനുഭവിക്കുന്ന നാമരൂപബഹുലതയും നമ്മുടെ അവിദ്യയുടെ ഫലമാണ്. യഥാർത്ഥ ജ്ഞാനം കൈവരുമ്പോൾ ഈ വൈവിധ്യവും ബഹുലതയുമെല്ലാം മിഥ്യയാണെന്നും ഏകസത്യം ബ്രഹ്മ

മാണെന്നും നാം തിരിച്ചറിയുന്നു.

"സത്യസ്യസത്യ"മായ ബ്രഹ്മത്തിൽ നിന്ന് അന്യമായ യാതൊരു യാഥാർത്ഥ്യവും ആത്യന്തികമായി നിലനിൽക്കുന്നില്ല എന്ന അർത്ഥത്തിൽ അ-ദ്വൈതത്തെ വ്യാഖ്യാനിച്ചാൽ, ക്രിസ്തീയ പാരമ്പര്യത്തിൽ അതിന് സമാനചിന്തകൾ കണ്ടെത്താൻ കഴിയും. 'സത്യം ഒന്നേയുള്ളൂ. വിദ്വാന്മാർ അതിനെ പലതായി പറയുന്നു' (ഏകം സത് വിപ്രാ ബഹുധാ വദന്തി) എന്ന ഭാരതീയ തത്വം ക്രിസ്തീയ യൗഗീകാനുഭൂതിയുടെ പാരമ്യത്തിലും പറയാവുന്നതാണ്. വ്യാവഹാരിക പ്രപഞ്ചത്തിൽ നമുക്കനുഭവപ്പെടുന്ന എല്ലാ വൈവിധ്യ വൈരുദ്ധ്യങ്ങളെയും ആത്യന്തികമായി സമന്വയിപ്പിച്ച് ഏകീഭവിപ്പിക്കുന്ന മിസ്റ്റിക് ചിന്ത എല്ലാ പ്രധാന മതപാരമ്പര്യങ്ങളിലുമുണ്ട്. ഈ പൊതുവായ അർത്ഥത്തിൽ അ-ദ്വൈത ചിന്ത ക്രിസ്തീയ പൈതൃകത്തിൽ സ്വീകാര്യമാണ്.

എന്നാൽ ത്രിയേക ദൈവം എന്ന ക്രിസ്തീയാശയത്തെ ഇതുമായി താരതമ്യം ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന് മൂന്നു ദൈവങ്ങൾ ഇല്ലെന്നും ദൈവം ഒന്നേയുള്ളൂ എന്നും ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുന്നു. എന്നാൽ പരമമായ ദിവ്യസത്ത മൂന്ന് ആളത്തങ്ങൾ അഥവാ സ്വത്വങ്ങൾ (ഗ്രീക്കിൽ ഹിപ്പോസ്റ്റാസിസ്, സുറിയാനിയിൽ ക്നൂമോ) ആയി അറിയപ്പെടുന്നു. പിതാവ് , പുത്രൻ, പരിശുദ്ധാത്മാവ് എന്ന ഏക ദൈവം ഒരേ സമയം ഏകമായും ത്രിത്വമായും ആരാധിക്കപ്പെടുന്നു. ഇവിടെ ബുദ്ധിപരമായ അറിവില്ല; കാരണം ഒരേ സമയം ഏകവും ത്രിത്വവുമായ ഒരു യാഥാർത്ഥ്യത്തെ ,സാധാരണ മനുഷ്യയുക്തിക്ക് ഉൾക്കൊള്ളാനാവില്ല. (ക്വാണ്ടം ഫിസിക്സിലും മറ്റും നടക്കുന്ന ഗവേഷണങ്ങളിൽ ഇത്തരം യുക്തിവിരുദ്ധമായ യാഥാർത്ഥ്യങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.) എന്നാൽ വിശ്വാസപൂർവ്വമായ ആരാധനയിലൂടെ യുക്തിക്ക് അതീതമായ ദിവ്യജ്ഞാനത്തിന്റെ പരിമിതമായ മിന്നൽക്കാഴ്ചകൾ നമുക്ക് ലഭിച്ചേക്കാം. അതുകൊണ്ട് ത്രിത്വരഹസ്യത്തെ "ആരാധിക്കാനല്ലാതെ ആരാഞ്ഞറിയുവാൻ" നമുക്കു കഴിവില്ല എന്ന് ക്രിസ്തീയ പാരമ്പര്യം പഠിപ്പിക്കുന്നു.

ത്രിത്വം എന്ന വാക്ക് വേദപുസ്തകത്തിൽ ഇല്ലെങ്കിലും, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിവിധ ആളത്തങ്ങളായി ഏക ദൈവത്തെ അറിഞ്ഞ് ആരാധിക്കുന്ന അപ്പോസ്തോലിക സാക്ഷ്യം നമുക്ക് ലഭിക്കുന്നത് വി. വേദപുസ്തത്തിലൂടെയും ആദിമ സഭയുടെ ആരാധനാ പാരമ്പര്യത്തിലൂടെയുമാണ്.

'അദ്വൈതം' എന്നു കേൾക്കുമ്പോൾ ത്രിയേക ദൈവത്തിൽ നിന്ന് ത്രിത്വമാനം നീക്കം ചെയ്യുന്നതായി സംശയം തോന്നാം. എന്നാൽ അങ്ങനെയൊരു കാര്യം അഭിവന്ദ്യ ഒസ്താത്യോസ് തിരുമേനി സങ്കൽപ്പിക്കുന്നില്ല എന്നുറപ്പാണ്. മൂന്ന് എന്ന വെറും സംഖ്യകൊണ്ട് വ്യവഹരിക്കപ്പെടുന്നവനല്ല അപ്രമേയനും വാഗ്വതീതനുമായ ദൈവം എന്ന അർത്ഥത്തിലാണ് തിരുമേനി അ-ദ്വൈതം എന്നുപയോഗിക്കുന്നത്. അതേ അർത്ഥത്തിൽ, ഒന്ന് അഥവാ ഏകം എന്ന വെറും സംഖ്യകൊണ്ട് നിർവ്വചിക്കപപെടുന്നവനല്ല പരമാർത്ഥസത്തയായ ദൈവം എന്നുകൂടി സൂചിപ്പിക്കാൻ 'അ-നേകം' എന്നോ 'അനേകാന്തം' എന്നുകൂടി പറയേണ്ടിവരും. അപ്പോൾ, ദൈവം ഒരേസമയം അദ്വൈതവും അനേകാന്തവുമാണെന്ന് പറഞ്ഞാൽ, മനുഷ്യന്റെ സങ്കൽപ്പങ്ങൾക്കും കണക്കുകൾക്കും അളവുകൾക്കും അതീതനായ ദൈവം എന്നേ ധ്വനിപ്പിക്കുന്നുള്ളൂ എന്ന് വിചാരിക്കാം. "ദൈവം ഏകത്വമല്ല, മൂന്നുമല്ല, ത്രിയേകനാണ്" എന്ന് തിരുമേനി സഭയുടെ വിശ്വാസം ഉറപ്പിച്ചു പറയുന്നുണ്ട്.

അറിയോസ്, എവുനോമിയോസ് തുടങ്ങിയവർ ദൈവത്തിന്റെ അപ്രമേയ രഹസ്യത്തെ മനുഷ്യയുക്തിക്കും ഭാഷയ്ക്കും വിധേയമാക്കി, തർക്കശാസ്ത്രപ്രകാരം വ്യാഖ്യാനിക്കുകയും അങ്ങനെ ദൈവപുത്രന്റെ മനുഷ്യാവതാര മർമ്മത്തെ വികലമാക്കാൻ ശ്രമിക്കുകയും ചെയ്തപ്പോൾ അതിനെ അതിശക്തമായി എതിർത്തവരാണ് കൈസര്യയിലെ ബസേലിയോസ്, നാസിയാൻസിലെ ഗ്രിഗോറിയോസ്, നിസ്സായിലെ ഗ്രിഗോറിയോസ് തുടങ്ങിയ പിതാക്കന്മാർ. ദിവ്യ സ്വഭാവത്തിന്റെ അപ്രമേയതയും അഗ്രാഹ്യതയും അനുച്ചരണീയതയും അവർ ഊന്നിപ്പറയുന്നു. അതേ പിതാക്കന്മാർ തന്നെയാണ് ഏക ദൈവത്തിന്റെ ത്രിത്വ സ്വഭാവത്തെ വേദശാസ്ത്രപരമായും ദാർശനികമായും സിദ്ധാന്തിച്ച് ഉറപ്പിച്ചത്. ത്രിത്വസിദ്ധാന്തം നിർദ്ധാരണം ചെയ്യുമ്പോൾ അവർ എപ്പോഴും എടുത്തു പറഞ്ഞിരുന്നു. ദൈവം സംഖ്യകളാലോ ലിംഗപരമായ സംജ്ഞകളാലോ അലങ്കാര പ്രയോഗങ്ങളാലോ വിവരിക്കപ്പെടുന്നില്ല എന്ന്. ഒന്ന്, മൂന്ന് എന്ന സംഖ്യകളോ, പിതാവ്, പുത്രൻ തുടങ്ങിയ ലിംഗപരവും ജീവശാസ്ത്രപരവുമായ പദങ്ങളോ, ദൈവം സിംഹാസനത്തിൽ ഇരിക്കുന്ന രാജാവാണ്, "ദൈവം മുകളിലാണ്" തുടങ്ങിയ അലങ്കാരപ്രയോഗങ്ങളോ ഒന്നും ദൈവത്തിന്റെ കേവലസത്തയെ ആത്യന്തികമായി വെളിപ്പെടുത്തുന്നില്ല. എന്നാൽ മനുഷ്യൻ തന്റെ പരിമിതിയിൽ ഇവയൊക്കെ ഉപയോഗിക്കുന്നു എന്നതിനെ സഭ നിഷേധിക്കുന്നില്ല. ആ ഉപയോഗങ്ങളെല്ലാം ആപേക്ഷികവും അതിപരിമിതങ്ങളുമാണെന്ന് അറിഞ്ഞിരിക്കണമെന്നുമാത്രം. ഒരു മനുഷ്യനും അവന്റെ നിഴലും തമ്മിലുള്ള ബന്ധമോ ബന്ധമില്ലായ്മയോ പോലെയാണ് ദൈവവും ദൈവത്തെക്കുറിച്ചുള്ള മനുഷ്യസിദ്ധാന്തങ്ങളും. ഇവയൊക്കെ സൂചിപ്പിക്കാനാണ് അദ്വൈതം എന്ന വാക്ക് തിരുമേനി ഉപയോഗിക്കുന്നതെങ്കിൽ, അങ്ങനെയൊരു പദത്തിന്റെ പ്രസക്തിയെക്കുറിച്ച്, കൂടുതൽ വിശദീകരണം തിരുമേനി നമുക്ക് തരുമെന്ന് പ്രതീക്ഷിക്കാം. ശ്രീശങ്കരന്റെ കേവലാദ്വൈതത്തിന്റെ പരിമിതി തിരിച്ചറിഞ്ഞാണല്ലോ രാമാനുജനും മറ്റും വിശിഷ്ടാദ്വൈതം രൂപപ്പെടുത്തിയത്. അതുപോലെ പല വിശേഷണങ്ങളോടു കൂടിയ ഒരു വിശിഷ്ടാദ്വൈതമായിരിക്കുമോ കുറെക്കൂടി പരമ്പരാഗത ക്രിസ്തീയ ത്രിത്വ വിശ്വാസത്തിന് നിരക്കുന്നതെന്ന് ചിന്തിക്കേണ്ടതാണ്.

ബ്രഹ്മലീലയായ പ്രപഞ്ചമെന്ന പ്രതിഭാസത്തിന്റെ ആത്യന്തിക യാഥാർത്ഥ്യത്തെ കേവലാദ്വൈതം അംഗീകരിക്കുന്നില്ലല്ലോ. അങ്ങനെയാണല്ലോ ജഗത് മിഥ്യയാകുന്നത്. എന്നാൽ ക്രിസ്തീയ ചിന്തയിൽ, ദൈവം തന്റെ സ്നേഹത്തിൽ നിന്നും ഇച്ഛയിൽ നിന്നും തന്റെ വചനത്താൽ സൃഷ്ടിച്ചതെല്ലാം നല്ലതെന്ന് ദൈവം കണ്ടു. ഈ സൃഷ്ടിക്ക് ദൈവസ്നേഹത്തിൽ വളരാനുള്ള സ്വാതന്ത്ര്യവും നൽകി. അതിന്റെ അസ്തിത്വം മിഥ്യയാണെന്ന് ക്രിസ്തീയ പാരമ്പര്യം പഠിപ്പിക്കുന്നില്ല. പാപവും തിന്മയും മരണവും സൃഷ്ടിയുടെ പ്രശ്നങ്ങളാണ്. പക്ഷേ യേശു ക്രിസ്തുവിൽ ദൈവത്തിന്റെ മനുഷ്യാവതാരത്തിലൂടെ, മരണത്തിലും ഉയിർപ്പിലൂടെയും അവയെ മറികടക്കുവാൻ സൃഷ്ടിയെ ദൈവം സഹായിക്കുന്നു.

ഈ സൃഷ്ടിക്ക് ദൈവം അതിന്റേതായ സ്വത്വം (identity) നൽകിയിട്ടുണ്ട്. അതിന്റെ മകുടോദാഹരണമാണ് മനുഷ്യൻ. ദൈവത്തിന്റെ സ്വന്തം സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് സ്വാതന്ത്ര്യം, ഇച്ഛാശേഷി, യുക്തിബോധം, അതീന്ദ്രിയ യാഥാർത്ഥ്യത്തെ തിരിച്ചറിയാനുള്ള ആദ്ധ്യാത്മികവരം, സർവ്വോപരി സ്നേഹിക്കാനും സ്നേഹപൂർവ്വം സ്വയം ത്യജിക്കാനുമുള്ള കഴിവ് ഇവയെല്ലാം നൽകിയിരിക്കുന്നു. ഈ കഴിവുകൾ നന്നായി ഉപയോഗിച്ച് മനുഷ്യൻ തന്റെ സത്തയുടെ അടിസ്ഥാനമായ സ്രഷ്ടാവായ ദൈവത്തെ നിരന്തരം മഹത്വപ്പെടുത്തണമെന്ന് ക്രിസ്തീയ പാരമ്പര്യം പഠിപ്പിക്കുന്നു. ഇത് ആരാധനയാണ്. ഈ ആരാധനയുടെ ഭാഗമായി, ദൈവത്തിന്റെ സകല സൃഷ്ടിയെയും ദൈവസന്നിധിയിൽ നന്ദിപൂർവ്വം സമർപ്പിക്കണമെന്നും നന്മയുള്ള പ്രവർത്തികൾ മൂലം സൃഷ്ടിയെ നന്മയുടെ പൂർണ്ണതയിലേക്ക് രൂപാന്തരപ്പെടുത്തണമെന്നും, മനുഷ്യൻ ദൈവ സാദൃശ്യത്തിൽ വളർന്ന്, ദൈവീകരണം പ്രാപിച്ച്, തേജസ്സണിയണമെന്നും ക്രിസ്തീയ പൈതൃകം ഉൽബോധിപ്പിക്കുന്നു. ഇവിടെ സൃഷ്ടിയുടെ സ്വത്വത്തെ നാം നിഷേധിക്കുന്നില്ല. മറിച്ച്, സൃഷ്ടിയുടെ രൂപാന്തരം മൂലം ദൈവസ്വഭാവത്തിലും തേജസ്സിലും അത് പങ്കാളിയായിത്തീരുന്നു എന്നാണ് പഠിപ്പിക്കുന്നത്. ഒരു വിധത്തിൽ ദൈവവും സൃഷ്ടിയും തമ്മിൽ ആത്യന്തികമായ സംയോഗമാണ് നടക്കുന്നത്. എന്നാൽ സൃഷ്ടിക്കപ്പെട്ടതെല്ലാം മിഥ്യയെന്ന് പറയുന്നുമില്ല.

ഈ സൃഷ്ടിയിലുള്ള ബഹുലത (plurality) ദൈവത്തിന്റെ ദാനമാണ്. വൈവിധ്യവും ബഹുസ്വരതയും ശാപമല്ല, സൃഷ്ടിയുടെ അനുഗ്രഹവും അലങ്കാരവുമാണ്. അതുകൊണ്ട് അവയെ ക്രിസ്തീയ പാരമ്പര്യം നിഷേധിക്കുന്നില്ല. ത്രിത്വസംജ്ഞ പ്രതീകാത്മകമായി

---

മലങ്കര സഭാ മാസിക
ചരിത്ര ലേഖനങ്ങൾ.....
പുസ്തകം 4, 1950 ഫെബ്രു., ലക്കം 4



## ആചാര്യത്വം മുൻനിർത്തി...

*(1093 കുംഭമാസം 20-ാം തീയതി പട്ടക്കാരുടെ ഞായറാഴ്ച കോട്ടയം മാർ ഏലിയായിൽ വച്ച് **പ. വട്ടശ്ശേരിൽ തിരുമേനി** ചെയ്ത പ്രസംഗം)*

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ,

മൂന്നു നോമ്പു കഴിഞ്ഞുവരുന്ന ഞായറാഴ്ച മരിച്ചുപോയ സകല പട്ടക്കാരെയും അതിനടുത്ത ഞായറാഴ്ച മരിച്ചുപോയ സകല വിശ്വാസികളെയുമോർത്ത് അവർക്ക് വേണ്ടി ശുശ്രൂഷ കഴിക്കണമെന്ന് ചട്ടംകെട്ടിയിരിക്കുന്നു. കൂടാതെ മറ്റവസരങ്ങളിൽ ചില പരിശുദ്ധന്മാരുടെയും ഓർമ്മയെ നാം കൊണ്ടാടുന്നു.

പ്രിയരേ, പട്ടത്വം എന്നുള്ള സ്ഥാനം ലോകാരംഭം മുതൽതന്നെ ദൈവം നിശ്ചയിച്ചിട്ടുള്ളതായിട്ടാണ് നാം പഠിക്കുന്നത്. എത്ര മഹത്തരമായ ഒരു സ്ഥാനമാണ് ഇത്. ആദാം, ഹാബേൽ, നോഹ, അബ്രഹാം, മുതലായവർ ബലികഴിച്ചത് പുരോഹിതസ്ഥാനം അവർക്കുണ്ടായിരുന്നത് കൊണ്ടു തന്നെയാണ്. ഈ പൗരോഹിത്യത്തിന്റെ നിലയും ഗതിയും കാലാന്തരത്തിൽ അടിക്കടി വർദ്ധിച്ചുവന്നു. 'ജനത്തിൽ നിന്ന് ജനത്തിലേക്കും' 'വിശ്വാസത്തിൽനിന്ന് വിശ്വാസത്തിലേക്കും' പടിപടിയായി നാം വളർന്ന് ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ പട്ടത്വത്തിനും ആരംഭവും വളർച്ചയുമുണ്ട്. 'നീ എന്നെ മനഞ്ഞു, നിന്റെ കൈ എന്റെമേൽ വക്കുകയും ചെയ്തു.' എന്നുള്ള വാക്യത്തിൽ കാണുന്ന ആദാമ്യ പട്ടത്വത്തിന്റെ സ്ഥിതി വർദ്ധിച്ചുവന്നതോടെ ലേവി ഗോത്രത്തെ ആചാര്യ ഗോത്രമായി ദൈവം തെരഞ്ഞെടുക്കുന്നു. അന്നുമുതൽ ആചാര്യസ്ഥാനത്തിന്റെ മൂന്നു വകുപ്പുകളെ നാം കാണുന്നു. പ്രധാനാചാര്യത്വം, ആചാര്യത്വം, ശുശ്രൂഷകത്വം. അഹരോനും മോശയും മേൽപട്ടക്കാരും, അഹരോന്റെ പുത്രന്മാർ ആചാര്യന്മാരും ലേവി ഗോത്രത്തിൽപ്പെട്ട സാധാരണക്കാർ ശുശ്രൂഷകന്മാരുമായിരുന്നു. ഇപ്പോൾ നമ്മുടെ സഭയിലും മൂന്നു ശുശ്രൂഷാ സ്ഥാനികളാണുള്ളത്....

ആചാര്യസ്ഥാനത്തിന്റെ മഹിമയെപ്പറ്റി പറയുമ്പോൾ അഹരോന്റെ ആചാര്യസ്ഥാനം ആദ്യത്തേതിൽനിന്ന് വളരെ ശക്തിയുള്ളതായിക്കാണുന്നു. ന്യായപ്രമാണവും സുവിശേഷവുമായി എത്രകണ്ട് വ്യത്യാസമുണ്ടോ അത്രയും തന്നെ വ്യത്യാസം അഹരോന്യ ആചാര്യത്വവും പുതിയനിയമ ആചാര്യത്വവും തമ്മിലുണ്ട്. പ്രിയരേ! ഇത്രവലിയ സ്ഥാനം ആർക്കാണ് നമ്മുടെ കർത്താവ് കൊടുത്തത്? കർത്താവ് തന്നെ ദാനം ചെയ്തിരിക്കുന്ന ആചാര്യസ്ഥാനം വഴിയായി പ്രവർത്തിക്കുന്ന സകലവും ദൈവം തന്നെ പ്രവർത്തിക്കുന്നതായി പറഞ്ഞിരിക്കുന്നു. ഇത് എത്രയും മഹിമയേറിയ സംഗതിയല്ലേ? വി. പൗലോസ് പറയുന്നത് 'ഈ വലിയ നിക്ഷേപം മൺപാത്രത്തിലാണു ഞങ്ങൾക്കു ലഭിച്ചത്' എന്നത്രെ. എന്നു വച്ചാൽ ഈ നിക്ഷേപം ബലഹീനന്മാരും മൺപാത്രംപോലെയിരിക്കുന്നവരുമായ മനുഷ്യർക്കാണ് നൽകിയത്. വലിയ നിക്ഷേപം മൺപാത്രത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുമ്പോൾ അത് എത്രയും മോശമായി നമുക്ക് തോന്നിപ്പോകും. അതുപോലെ തന്നെ ഈ അധികാരം ആരെ ഏൽപിച്ചിരിക്കുന്നുവോ അവരുടെ ബലഹീനതയെയും പാപത്തെയും കാണുമ്പോൾ അവർക്ക് കൊടുത്തിരിക്കുന്ന അധികാരത്തെ നിസ്സാരമാക്കി കളയുന്നു...

...അതുപോലെ ആചാര്യസ്ഥാനം ഒരുവന് ലഭിച്ചാൽ അവന്റെ കുറവുകൊണ്ട് ആ സ്ഥാനത്തിന് യാതൊരു കുറവും സംഭവിക്കുന്നില്ലെന്ന് പ്രിയരേ നിങ്ങൾ അറിഞ്ഞു കൊൾവീൻ. നമ്മുടെ പിതാക്കന്മാരായ അഹരോന്യ ആചാര്യന്മാരെയും ശ്ലൈഹിക ആചാര്യന്മാരേയും ഒന്നായി നാം ഓർക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം...



മലങ്കരസഭ MALANKARA SABHA
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം



# വിശ്വാസപാഠം

## എന്താണ് രക്ഷ? രക്ഷ ആർക്കെല്ലാം ലഭിക്കും? – മാത്യൂസ് മാർ ബർണ്ണബാസ് മെത്രാപ്പോലിത്താ

ദൈവത്തെപോലെ ആയിത്തീരുന്നതാണ് രക്ഷ. സകല തിന്മയിൽ നിന്നും വിടുതൽ പ്രാപിച്ചുകൊണ്ട് സകല നന്മയിലും നിറയുന്നതാണ് രക്ഷ. സ്വർഗ്ഗസ്ഥപിതാവിനെപ്പോലെ സൽഗുണ പൂർണ്ണനാകുന്നതാണ് രക്ഷ (മത്താ. 5:48). യേശുക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുവാൻ നമുക്കു സാധിക്കുമ്പോൾ രക്ഷ നമ്മിലും സാദ്ധ്യമാകും (യോഹ. 15:12)

രക്ഷ സകലർക്കും ലഭിക്കണമെന്നുള്ളതാണ് ദൈവത്തിന്റെ ആഗ്രഹം. സ്ത്രീ പുരുഷ ഭേദമെന്യേ സകലരെയും ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചത് ഇതിനു വേണ്ടിയാണ്. (ഉല്പ. 1:27). ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്ക് അയച്ചത് ഒന്നൊഴിയാതെ സകലരും നിത്യ ജീവനെ പ്രാപിക്കുന്നതിനാണ്. (യോഹ. 3:16)

വിശ്വാസം കൊണ്ടും വീണ്ടും ജനനമാകുന്ന മാമോദീസാ കൊണ്ടും മാത്രം രക്ഷ പൂർണ്ണമായും പ്രാപിച്ചു എന്നു കരുതരുത്. വി. യാക്കോബ് ശ്ലീഹാ പറയുന്നു: "ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസരിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിലും കുറ്റക്കാരനായിത്തീർന്നു. വ്യഭിചാരം ചെയ്യരുതെന്നു കല്പിച്ചവൻ കൊലചെയ്യരുതെന്നും കല്പിച്ചിരിക്കുന്നു. നീ വ്യഭിചാരം ചെയ്യുന്നില്ലെങ്കിലും കൊല ചെയ്യുന്നു എങ്കിൽ, ന്യായപ്രമാണം ലംഘിക്കുന്നവനായിത്തീർന്നു" (യാക്കോബ് 2:10-12).

ദൈവം മനുഷ്യന് സ്വാതന്ത്ര്യബുദ്ധി നൽകിയിരിക്കുന്നതിനാൽ സ്വാതന്ത്ര്യ ദുർവിനിയോഗം മൂലം തെറ്റിൽ വീഴാൻ സാദ്ധ്യതയുണ്ട്. എന്നാൽ, ദൈവത്തിന്റെ നിഷ്ക്കളങ്ക സ്നേഹത്തെ നാം വേദനപ്പെടുത്തരുതെന്ന ചിന്ത രക്ഷയിലേക്കു നമ്മെ ആകർഷിക്കുന്ന ശക്തി ആണ്.

കർത്താവായ യേശു ക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യങ്ങളിലൂടെ സാദ്ധ്യമാക്കിയ രക്ഷാപദ്ധതിയുടെ പിന്നിലുള്ള ത്യാഗവും സ്നേഹവും യഥാർത്ഥമായി അറിയുന്നവർ തെറ്റിൽ വീഴാതെ രക്ഷയുടെ പൂർണ്ണതയിലേക്കു വളരും. ദൈവത്തിന്റെ അനന്തമായ കൃപ ഇതിലേക്ക് മനുഷ്യനെ നയിക്കുകയും ചെയ്യും.

ക്രൈസ്തവ സഭയിൽ ചേരാത്തവർക്ക് രക്ഷയുണ്ടോ എന്ന ചോദ്യം വളരെ പ്രസക്തമാണ്. സഭയിലെ അംഗമായി നിന്നുകൊണ്ട് രക്ഷാകര രഹസ്യങ്ങളുടെ പൂർണ്ണതയിലേക്കു വളരുന്നവരാണ് നാം എന്നതിൽ സംശയം വേണ്ട. എന്നാൽ സഭയിലെ അംഗമായതുകൊണ്ട് മാത്രമായി എന്നു കരുതരുത്. ദാനമായ രക്ഷ നൽകുന്നതു ദൈവമാകകൊണ്ട് ദൈവകൽപ്പനകൾ അനുസരിച്ച് ജീവിക്കുന്നത് ആരൊക്കെയെന്ന് ദൈവം തന്നെ വിധിക്കട്ടെ! ❖

---

ഈ വൈവിധ്യ ബഹുലതയെ സൂചിപ്പിക്കുന്നു. കേവലമായ ഏകതയ്ക്കും ക്രമരഹിതമായ ബഹുലതയ്ക്കും ഇടയ്ക്ക് സന്തുലിതമായ ക്രമത്തെ പ്രതീകവൽക്കരിക്കുന്നു അത്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ആളത്തങ്ങളുടെ വേദവെളിപാടിനെ കണക്കിലെടുക്കാനും ത്രിത്വത്തെ സമുചിത സംജ്ഞയായി സഭ സ്വീകരിച്ചു. ഇവിടെയും അദ്വൈത പദം കൂടുതൽ വിശദീകരണം ആവശ്യപ്പെടുന്നു.

തങ്ങളുടെ സത്യം മാത്രമാണ് സത്യമെന്നും മറ്റതെല്ലാം മിഥ്യയാണെന്നുമുള്ള സാംസ്ക്കാരിക കേവലാദ്വൈതചിന്ത പുലർത്തിയിരുന്ന പാശ്ചാത്യ യൂറോപ്യൻ സംസ്ക്കാരം ഇന്ന് ബഹുസ്വരത (pluralism) യുടെ നന്മകൾ തിരിച്ചറിഞ്ഞ് വാഴ്ത്തിപ്പാടിത്തുടങ്ങി. ഇൻഡ്യയിൽ ഏത് അദ്വൈതത്തിന്റെ പേരിലാണെങ്കിലും, അതിമഹത്തായ നമ്മുടെ ബൗദ്ധജൈന സംസ്കൃതികളെ ബ്രാഹ്മണ മതം മിക്കവാറും തുടച്ചു നീക്കിയത്, നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ നഷ്ടമായിരുന്നു. ബഹുസ്വരതയുടെ ഈറ്റില്ലമെന്ന് ഒരർത്ഥത്തിൽ ഇൻഡ്യയെ വിശേഷിപ്പിക്കാമെങ്കിലും, മറ്റൊരർത്ഥത്തിൽ ഈ നഷ്ടം നമ്മുടെ അസഹിഷ്ണുതയുടെ അടയാളമല്ലേ എന്നു ചിന്തിക്കേണ്ടതാണ്. സുകുമാർ അഴീക്കോട് ഒരിക്കൽ പറഞ്ഞു, ഇൻഡ്യയിൽ അദ്വൈതചിന്ത അദ്വൈതഭാവത്തിന്റെ ചരമപ്രസംഗം നടത്തുകയായിരുന്നു എന്ന്.

ക്രിസ്തുവിലുള്ള ദിവ്യ വെളിപാടിന്റെ വെളിച്ചത്തിൽ രൂപം പ്രാപിച്ചതാണ് ത്രിത്വവിശ്വാസം. ആത്യന്തികമായ ദിവ്യസത്തയെക്കുറിച്ചും ദൈവസ്നേഹത്തെക്കുറിച്ചും നമുക്ക് ഉൾക്കാഴ്ച ലഭിക്കുന്നത് ഈ ത്രിത്വ രഹസ്യത്തിലൂടെയാണ്. സ്രഷ്ടാവായ ദൈവം, മനുഷ്യാവതാരം ചെയ്ത് സകലത്തെയും രക്ഷിക്കുന്ന ദൈവം, സൃഷ്ടിയെ മുഴുവൻ തന്റെ ആവാസം മൂലം രൂപാന്തരപ്പെടുത്തി ദൈവ സ്വഭാവത്തിന് അനുരൂപമാകുന്ന പരിശുദ്ധാത്മാവ് എന്ന ദൈവം എന്നിങ്ങനെ ഏക ദൈവത്തെ തിരിച്ചറിഞ്ഞ് ആരാധിക്കുകയെന്നത് ക്രിസ്തീയ സ്നേഹത്തിന്റെയും ലോകത്തോടുള്ള നമ്മുടെ പ്രതിബദ്ധതയുടെയും അടിസ്ഥാനമാണ്.

സ്നേഹത്തിന്റെ മതത്തെക്കുറിച്ചുള്ള മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ശ്രേഷ്ഠ ചിന്തകൾ ത്രിത്വത്തെക്കുറിച്ചും ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് ഉചിതമാണ്. ❖



## A BRIEF HISTORICAL SURVEY (from page 8)

Ireneus and H.G. Yuhanon Mar milithios, the present president had the good fortune to fulfill that hope in establishing the St. Thomas Orthodox Youth Centre very near to the Orthodox Theological seminary. After a flowering period of publishing "The Orthodox youth" as joint venture of both the Youth Movement and the M.G.O.C.S.M. under the editorial responsibility of Fr. Daniel N. Varghese, Fr. T.J. Joshua, Fr. K.L. Mathew Vydian, and Dr. Samuel Chandanappally, it stopped abruptly a few years ago. The services rendered by Fr. K.V. Samuel, Prof. D. Mathew and A. Georgekutty as publishers are thankfully acknowledged. Now under the present leadership "Yuvajanam" is being published monthly. But one fervently hopes that one day "The orthodox youth" be revived with new life, vitality and vigour.

The role played by the General Secretaries is really great, for they bore the brunt of all the struggles in upholding the life of the movement, in Co-operation with the Diocesan and regional colleagues. The great contributions made by some of them will ever be remembered with gratitude. But for their enthusiastic enterprises we would not have reached the present stature. They include Rev. P.E. Daniel clery, Sri. T.C. Oommen, Fr. K.C. Oommen, Fr. T.G. John, Fr. T.J. Joshua, Fr. T.M. Varghese, Fr. Alex Kurampil, Prof. K.M. Kuriakose, Sri. K.M. Mathew (Retd. H.M.) Fr. Dr. K.L. Mathew Vaidian, Fr. Dr. O. Thomas, Fr. O.P. Varghese, Fr. Kurian Daniel, fr. Jobson Kottappuram, Fr. K.Y. Wilson (Kallooppara) Fr. M.D. John and Fr. Varghese Varghese (the present secretary). Among the Vice-Presidents we find a number of outstanding preiests: Fr. M.V. George (Mar Osthathios) Fr. P.V. Joseph (later mar Pachomius) Fr. A.T. Gabriel, Fr. Joseph Vendrappally, Fr. Alex Kurampil, Fr. K.T. Mathewkutty (Thumpamon) Fr. K.T. Varghese (Quilon) Fr. E.M. Philip (Kottayam) Fr. K.V. Paul, Fr. Mathew Varghese (Chengannur) Fr. K.G. Johnson & Fr. Ninan P. Kuriakose (the present incumbent).

Among the Treasurers, we have M/s George Varghese, Koodathu muriyil,C. George Kaipa ttoor, Prof. D.Mathew, Prof. Abraham Thalavady, M/s K.M. Mathew (Thiruvalla), T.T. Kuriakose (Kottayam) P.T. Pathros (Thumpamon), K. K. Kuruvilla (Kottayam) M.Yohannan (Niranam) A.M. Philip (Thumpamon) Mathew G. Manoj and Biju Panthaplavil (The present incumbent) The services of all those mentioned above and a lot more together contributed to build up the OCYM as we see it today. An year long Sapthathy celebration has been officialy inaugurated in November 13 th 2005 at Pathanamthitta and many celebrations and activities are anticipated during the current Year. Looking forward, we need to have more committed workers to make what it ought to be. We need more Presidents or Vice-Presidents on regional basis. Congratulations to the formation of the new secretariate with more secretaries and the establishment of the Youth Centre in Kottayam. Remember we have miles and miles to go before we sleep. I close this with the dictum

"Expect great things from God
Attempt great things for God"

*Dr. William Carey* ❖

### വി. യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

Manoj & Family

### MATRIMONIAL

Proposals are invited for an Orthodox Christian Girl age 24 Ht. 153 cm, Complexion Fair (parents working in M.P. owning house in Kerala and Delhi) presently working in a reputed Hosp. in Delhi as Staff Nurse (Passed B.Sc Nursing, IELTS scored 7, Passed M.A. Sociology) likely to go to Ireland soon. Looking for Orthdox boys preferably working in Ireland as male Nurses

**Contact Nos: 07652-250980 / 09826640541**

### MATRIMONIAL

Orthodox Parents from Trivandrum Seek suitable proposals for thier daughter 22/161-B.Tech employed in MNC Bangalore, from parents of employed boys preferably in Bangalore or UAE.

***Contact No:***

**0471 - 2314968**



# ഹൃദയങ്ങളിൽ ചിരസ്മരണ

## ഈഴപ്പൻ കുന്നിന് വിശുദ്ധിയുടെ പരിമളം

മലങ്കരയിൽ തിളങ്ങി നിന്ന പുണ്യാത്മാവിന് ഇനി ഹൃദയങ്ങളിൽ ചിരസ്മരണ. സഭയാകമാനവും, ഇതര സഭകളിലും, സാമൂഹിക മേഖലകളിലും കർമ്മോജ്വല ജീവിതം നയിച്ച പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ, നറും പുഞ്ചിരിയോടെ ജനഹൃദയങ്ങളിലേക്ക് ചേക്കേറി. അക്ഷരാർത്ഥത്തിൽ കേരള ജനതയെ നടുക്കിയ ദിവസമായിരുന്നു ജനുവരി 26. ചിത്രത്തിലൂടെയെങ്കിലും പ. ബാവായെ കണ്ടിട്ടുള്ളവരാണ് കേരള ജനതയിൽ സിംഹഭാഗവും. ആ വ്യക്തിത്വത്തിന്റെ വിയോഗം ഒരിക്കൽ കണ്ടിട്ടുള്ളവരേപ്പോലും ഞെട്ടിപ്പിച്ചിട്ടുണ്ട് എന്നതാണ് വാസ്തവം.

കൊല്ലം ജില്ലയിൽ പെരിനാട്ടിൽ നിന്നും സാധാരണക്കാരിൽ സാധാരണക്കാരനായി വളർന്നു വരികയും പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ പ്രത്യേക സ്നേഹവാത്സല്യങ്ങൾക്ക് പാത്രീഭൂതനായി വൈദിക പദവിയിലേക്ക് വിളിച്ചടുപ്പിക്കപ്പെടുകയും, പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ അനുഗ്രഹാശിസ്സുകളാൽ ഓതറയിൽ മാലാഖാ തുല്യ സന്യാസ ജീവിതം നയിക്കുകയും ചെയ്ത പ. ബാവായുടെ വിയോഗം മലങ്കര സഭയുടെ തീരാ നഷ്ടമാണ്. നൈഷ്ഠിക ജീവിതത്തിന്റെ ഉന്നതികൾ കീഴടക്കി സന്യാസ ശൈലിയിലൂടെ മനസ്സു കീഴടക്കിയ ഈ മഹാചാര്യന്റെ സ്മരണ എത്രത്തോളം ഉന്നതമാണ് എന്ന് കാലം തെളിയിക്കും.

ഭരണ രംഗത്തെ മഹാശയനായിരുന്നു പ. ബാവാ. രാഷ്ട്രീയ സാമൂഹ്യ രംഗത്തെ ഉന്നതരുമായുള്ള ബന്ധം വെറും സൗഹൃദയങ്ങളായിരുന്നില്ല. അടുത്തറിഞ്ഞവരുടെയെല്ലാം ആത്മീയ ആചാര്യനായിരുന്ന പ. ബാവാ ഏത് പ്രതിസന്ധികളിലും മുട്ടി വിളിക്കാവുന്ന വാതിൽ. തന്റെ വാതിലിൽ മുട്ടുന്നവരുടെ ആവശ്യങ്ങൾക്ക് വേണ്ടി രണ്ടാമതൊന്നും ആലോചിക്കാതെ അദ്ദേഹം പരിശ്രമിക്കുമായിരുന്നു എന്നതാണ് വാസ്തവം.

പ. പിതാവിന്റെ ദേഹവിയോഗ സമയം മുതൽ വീട്ടിനുള്ളിൽ അടങ്ങിയിരിക്കാൻ സഭാ മക്കൾക്ക് കഴിഞ്ഞിട്ടില്ല. പ്രധാന വീഥികളിൽ പ്രത്യേകിച്ചു പ. ബാവായുടെ നഗരി കാണിക്കൽ ക്രമീകരിച്ചിരുന്ന പട്ടണങ്ങളിൽ പ്രത്യേക പന്തലൊരുക്കി പ്രാർത്ഥനകൾ തുടങ്ങി. നട്ടുച്ചയെന്നോ പാതിരാത്രിയെന്നോ വ്യത്യാസമില്ലാതെ ഭക്ഷണം പോലും വേണ്ടെന്നു വച്ച് വിശ്വാസീ സമൂഹം മണിക്കൂറുകൾ പാതയോരത്ത് കാത്തു നിന്നു. ഒരു തേങ്ങലോടെ അവർ ആ യാത്രയെ എതിരേറ്റു. ആ പ്രസന്നമുഖം വീഥിയിലെ വളവുകൾ തിരിഞ്ഞ് കടന്നു പോയപ്പോൾ വലിയൊരു നഷ്ടബോധത്തിൽ ഏറിയ പങ്കിന്റെയും കണ്ണുകൾ നനഞ്ഞു.

ശൂന്യതാ ബോധത്തിൽ നിന്നും ദേവലോകം അരമന വിമുക്തമായിട്ടില്ല. ഭരണ സിരാകേന്ദ്രത്തിന്റെ അനുദിന പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടെങ്കിലും, തങ്ങളുടെ പിതാവ് നഷ്ടപ്പെട്ട കനത്ത ദുഃഖവും പേറി ഓഫീസ് നിർവ്വാഹകരും, പരികർമ്മികളും ശുചീകരണ വൃന്ദങ്ങൾ പോലും. മുറ്റത്ത് തലയുയർത്തി നില്ക്കുന്ന ഞാവൽ മരത്തിനുമുണ്ട് ദുഃഖത്തിന്റെ ഘനത്വം. ചാപ്പലിന്റെ തെക്കേതിൽ പൂത്തു നില്ക്കുന്ന അമ്പഴമരം കാറ്റടിച്ച് വടക്കോട്ട് ചാഞ്ഞു പോകുന്നു. അവിടെ ചാപ്പലിന്റെ വടക്കു ഭാഗത്ത് അരമന മുറിയിൽ പത്രസീൻ വിരിച്ച കട്ടിലിന്റെ തലയ്ക്കൽ തിരിനാളം കത്തി നില്ക്കുന്നു. സ്മൃതികളുംപേറി.

ശാസ്താംകോട്ടയുടെ തീരങ്ങൾക്ക് ഇനി പരിശുദ്ധിയുടെ പരിമളം കൂടി. കേരളത്തിലെ ഏക ശുദ്ധ ജല തടാകമായ ഈ കായൽ അതിന്റെ ശാലീന സൗന്ദര്യം കൊണ്ട് ലോകത്തെ ആകർഷിക്കുമ്പോൾ, ഈഴപ്പൻ കുന്നിന്റെ മുകളിൽ നിന്നും ഉയരുന്ന പ്രാർത്ഥനകളും ധൂപവും ഈ പ്രദേശത്തെ വിശുദ്ധിയുടെ പരിമളം കൊണ്ട് നിറയ്ക്കുമെന്ന് തീർച്ച. ആത്മശാന്തി തേടുന്ന തീർത്ഥാടകർക്ക് ഒരിടം കൂടി.

**തോമസ് പി. കത്തനാർ**

മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



ഒരു വിശ്വാസി, കൽക്കട്ട





# പരിശുദ്ധ ബാവായുടെ അന്ത്യ നിമിഷങ്ങൾ

## സെക്രട്ടറിയായിരുന്ന ശെമ്മാശ്ശൻ പങ്കു വയ്ക്കുന്നു

പ. പിതാവ് വിട പറയുന്ന ദിവസം രാവിലേ മുതൽ പതിവിലും സന്തോഷവാനും ഉന്മേഷവാനുമായി കാണപ്പെട്ടു. രാത്രി നമസ്ക്കാരത്തിലും പ്രാർത്ഥനകളിലും കിടന്നു കൊണ്ട് പങ്കു ചേർന്നു. പതിഞ്ഞ ശബ്ദമായിരുന്നെങ്കിലും ശുബഹോ... പറഞ്ഞിരുന്നു.

ഞാനും, സഹചാരികളായ ഷാജി, ജോഷി, ഡ്രൈവർ രാജൻ തുടങ്ങിയവർ ചേർന്ന് രാവിലെ കുളിപ്പിച്ചപ്പോഴും എതിർപ്പു കാട്ടാതെ സന്തോഷത്തോടെ ഇടപ്പെട്ടു. ആലുവ തൃക്കുന്നത്തു സെമിനാരിയിൽ പെരുന്നാൾ കുർബ്ബാന നടത്തിയ കാര്യം പറയുന്നത് സന്തോഷത്തോടെ ശ്രവിച്ചു. കാരണം ആലുവയിലെ അത്താനാസിയോസ് തിരുമേനി, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പാമ്പാടി തിരുമേനി തുടങ്ങിയവരെ പരിശുദ്ധന്മാരായി പ്രഖ്യാപിക്കണമെന്നത് പ. ബാവായുടെ വലിയ ഒരഭിലാഷം തന്നെയായിരുന്നു.

"ദൈവമേ ദൈവമേ നിന്റെ മദ്ബഹായിൽ ശുശ്രൂഷിച്ചു കൊണ്ടിരുന്ന എന്നെ അനുഗ്രഹിക്കേണമേ" എന്ന് മുൻപുള്ള ദിവസങ്ങളിലേക്കാളേറെ പതിഞ്ഞ സ്വരത്തിൽ പതിഞ്ഞുകൊണ്ടിരുന്നു.

രാവിലെ മുതൽ മുഖം ചുവന്ന് പ്രകാശിക്കുന്നുണ്ടായിരുന്നു. കൈകൾ രണ്ടും മലർത്തി കട്ടിലിനിരുവശവും വച്ചിരുന്നു.

ഏകദേശം മൂന്നു മണിയോടെ അസ്വസ്ഥത വർദ്ധിച്ചപ്പോൾ ഞാൻ എഴുന്നേറ്റ് "പ്രത്യേകിച്ച് എന്തുപറ്റി തിരുമേനി..." എന്നു ആരാഞ്ഞപ്പോൾ രണ്ടു കണ്ണുകളും നല്ലവണ്ണം തുറന്ന് എന്നെ ഉറ്റു നോക്കി. പിന്നീട് ചുറ്റും നിന്ന അച്ചൻമാരെയും അപ്രകാരം നോക്കിക്കിടന്നു.

അസ്വസ്ഥത വർദ്ധിക്കുന്നതു കണ്ട ഞാൻ പ. ദിദിമോസ് പ്രഥമൻ ബാവായെ ഉടൻ ഫോണിൽ ബന്ധപ്പെട്ടു. ഏകദേശം 4.30-ന് പ. ബാവായെത്തിച്ചേർന്നു. തലയിൽ കൈവച്ച് പതിവില്ലാതെ ദീർഘനേരം പ്രാർത്ഥിക്കുകയുണ്ടായി. പ്രാർത്ഥിച്ചു കഴിഞ്ഞ ശേഷം എന്നോട് പരുമലയിൽ നിന്നും വി. കുർബ്ബാന കൊണ്ടുവന്നു നൽകാൻ ഏർപ്പാടു ചെയ്യാൻ കല്പിച്ചു. അപ്രകാരം പരുമലയിൽ നിന്നും റമ്പാച്ചൻ വി. കുർബ്ബാനയുമായി തിരിച്ചു.

അടുത്തുണ്ടായിരുന്ന സെമിനാരി വിദ്യാർത്ഥികളായ ഷിജുവും, തോമസും ബാവായ്ക്കു ഏറ്റവും ഇഷ്ടമുണ്ടായിരുന്നതായ വേദപുസ്തകവായന തുടങ്ങി.

കണ്ണു മിഴിച്ച്, ചുണ്ടുകൾ ചലിപ്പിച്ച് നിശബ്ദ പ്രാർത്ഥന നടത്തിക്കിടന്നിരുന്ന ബാവായുടെ അസ്വസ്ഥത മൂർദ്ധന്യത്തിലായപ്പോൾ ഞാൻ ഒരു സ്പൂൺ വെള്ളം ഒഴിച്ചു കൊടുത്തു, മൂർദ്ധാവിൽ ചുംബിച്ചു.

ചുറ്റും നിന്നും അച്ചന്മാർ കണ്ണുനീരോടെ വിശ്വാസപ്രമാണം ഉരുവിട്ടു കൊണ്ടിരുന്നു. വിശ്വാസപ്രമാണത്തിനു ശേഷം "കരുണയുള്ള ദൈവമേ നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു..." എന്ന പ്രാർത്ഥന തുടങ്ങിയപ്പോൾ...

പ. ബാവാ തന്റെ പ്രാണൻ ദൈവ സന്നിധിയിൽ സമർപ്പിച്ചു.

അപ്പോൾ സമയം ഏകദേശം 5.15 ആയിരുന്നു.

**സിബി ശെമ്മാശ്ശൻ**

ലേഖനം

# അപ്പോസ്തോലനും അപ്പോസ്തോലകത്വവും സഭയിൽ

**ഫാ. സി. കെ. വറുഗീസ്, കൊച്ചേരിൽ**

വിശുദ്ധ വേദപുസ്തക താളുകളിൽ എഴുതപ്പെട്ട അപ്പോസ്തോല സ്ഥാനം സഭയുടെ വളർച്ചയുടെ ശേഷചരായയയിൽ നിറഞ്ഞു നില്ക്കുന്നു. സൂക്ഷ്മവും ധ്യാനാത്മകവും, കർശനത്വം മുറ്റി നില്ക്കുന്നതുമായ അപ്പോസ്തോലനും, അതിൽ നിന്നുത്ഭൂതമാകുന്ന 'അപ്പോസ്തോല' കത്വവും തമ്മിലുള്ള വ്യതിരിക്തത പഠനവിധേയമാണ്.

"നേരം വെളുത്തപ്പോൾ അവൻ ശിഷ്യന്മാരെ അടുക്കെവിളിച്ച്, അവരിൽ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു, അവർക്ക് അപ്പോസ്തോലന്മാർ എന്നും പേർ വിളിച്ചു" ലൂക്കോ. 6:13. "പിന്നെ അവൻ, മലയിൽ കയറി തനിക്കു ബോധിച്ചവരെ അടുക്കൽ വിളിച്ചു. അവർ അരികെ വന്നു. അവൻ തന്നോടുകൂടെ ഇരിപ്പാനും, പ്രസംഗിക്കേണ്ടതിന് അയപ്പാനും, ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം ഉണ്ടാക്കുവാനും പന്തിരുവരെ നിയമിച്ചു." മർക്കോ. 3:13–15; മത്താ. 10:1–4.

ഈ നിയമനം ശിഷ്യന്മാരിൽ നിന്ന് തിരഞ്ഞെടുത്ത് ക്രിസ്തു നടത്തിയപ്പോൾ അപ്പോസ്തോലസ്ഥാനം സഭയുടെ ഉന്നതപദവിയായി. മഹാപുരോഹിത പ്രാർത്ഥനയിൽ ക്രിസ്തു അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നു. "പരിശുദ്ധ പിതാവേ, അവർ നമ്മേപ്പോലെ ഒന്നാകേണ്ടതിന്നു നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ...... തിരുവെഴുത്തിനു നിവൃത്തി വരേണ്ടതിനു ആ നാശയോഗ്യനല്ലാതെ അവരിൽ ആരും നശിച്ചു പോയിട്ടില്ല.... ഇവർക്കുവേണ്ടിമാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നത്" യോഹ. 17:11–20 ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ യേശുവിൽ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുന്നു" യോഹ. 17:11–20 ഇവർക്കു വേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ യേശുവിൽ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയും പ്രത്യേകമായിട്ട് താൻ പിതാവിനോട് അപേക്ഷിക്കുമ്പോൾ അപ്പോസ്തോലന്മാരുടെ നിയമനത്തിന്റെയും നിയോഗത്തിന്റെയും വ്യതിരിക്തത എടുത്തു കാട്ടുന്നു.

മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനെയും ന്യായം വിധിക്കും" മത്തായി 19:28. "നഗരത്തിന്റെ മതിലിനു പന്ത്രണ്ടു അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ പന്ത്രണ്ടു അപ്പോസ്തോലന്മാരുടെ പേരുകളുമുണ്ട്." വെളി. 21:14 "യൂദാ ഒഴിഞ്ഞുപോയ ഈ ശുശ്രൂഷയുടെയും അപ്പോസ്തോലത്വത്തിന്റെയും സ്ഥാനം ലഭിക്കേണ്ടതിനു ഈ ഇരുവരിൽ ഏവനെ തിരഞ്ഞെടുത്തിരിക്കുന്നു എന്നു കാണിച്ചു തരേണമേ എന്നു പ്രാർത്ഥിച്ചു അവരുടെ പേർക്ക് ചീട്ടിട്ടു. ചീട്ട് മത്ഥിയാസിനു വീഴുകയും അവനെ പതിനൊന്ന് അപ്പോസ്തോലന്മാരുടെ കൂട്ടത്തിൽ എണ്ണുകയും ചെയ്തു. പ്രവൃ. 1:26,26" അപ്പോസ്തോലന്മാരുടെ ആ കാലത്തുതന്നെ ആദ്യമായി രക്തസാക്ഷിത്വം വഹിച്ച യാക്കോബു ശ്ലീഹായ്ക്കു പകരം, ആ സ്ഥാനത്തേക്ക് മറ്റാരെയും വാഴിച്ചില്ല. ജീവനോടെയിരുന്നാലും വാങ്ങിപ്പോയാലും അവർ സഭയിൽ സജീവരാകുന്നുവെന്നും ആ സ്ഥാനം മറ്റാർക്കും അർഹതപ്പെട്ടതല്ല എന്നും "ഈ വാഴിക്കാതിരിക്കൽ" എടുത്തുകാട്ടുന്നു. അതുപോലെ യാക്കോബു ശ്ലീഹായ്ക്കു ശേഷം രക്തസാക്ഷിത്വം വഹിച്ച മറ്റു ശ്ലീഹന്മാർക്കും പകരമായി അവരുടെ സിംഹാസനങ്ങളിലേക്ക് അഥവാ സ്ഥാനങ്ങളിലേക്ക് ജീവനോടെ ശേഷിച്ചവർ മറ്റാരെയും തിരഞ്ഞെടുത്തില്ല. ഇതു വ്യക്തമാക്കുന്നത് അപ്പോസ്തോലന്മാരുടെ എണ്ണം 12 ആയി നിജപ്പെടുത്തിയിരിക്കുന്നു എന്നാണ്. ക്രിസ്തു നിയോഗിച്ചു നിയമിച്ചതിനപ്പുറമുള്ള വാഴ്ചാ നിയമനത്തിനു അവർ തുനിഞ്ഞില്ല എന്നും ഇത് ദ്യോതിപ്പിക്കുന്നു.

ക്രിസ്തു കഴിഞ്ഞാൽ അപ്പോസ്തോലന്മാരായിരുന്നു സഭയുടെ അടിസ്ഥാനം. "ദൈവം സഭയിൽ ഒന്നാമത് അപ്പോസ്തോലന്മാർ, രണ്ടാമതു പ്രവാചകന്മാർ മൂന്നാമത് ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിക്കുകയും.... ചെയ്തു" 1 കോരി. 12:28. "അവൻ ചിലരെ അപ്പോസ്തോലന്മാരായും, ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടക്കന്മാരായും നിയമിച്ചാക്കിയിരിക്കുന്നു." എഫേ. 4:11. ഈ സ്ഥാനമാനങ്ങൾ നല്കി നിയമിച്ചാക്കിയിരിക്കുന്നത് "ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീക വർദ്ധനയ്ക്ക് ആകുന്നു" എഫേ. 4:13. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ ആത്മീക വർദ്ധനയ്ക്ക് ആവശ്യമായവ വെളിപ്പെടുത്തിക്കൊടുത്തത് പരിശുദ്ധാത്മാവ് ആണെന്നും അവയെ വെളിപ്പെടുത്തപ്പെട്ട "ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മങ്ങൾ" എഫേ. 3:5 എന്നും പൗലൂസ് അപ്പോസ്തോലൻ സാക്ഷ്യപ്പെടുത്തുന്നു. ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പോസ്തോലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെടുത്തിയതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് അറിയാമായിരുന്നില്ല." എഫേ. 3:5. ആ ദൈവീക മർമ്മങ്ങളും രഹസ്യങ്ങളും കർമ്മങ്ങളുമായ പരിശുദ്ധാത്മ നൽവരങ്ങൾ കർത്താവിൽ നിന്നും പ്രാപിച്ച ശിഷ്യന്മാർ സുവിശേഷ ഘോഷണത്തിലൂടെ സഭയുടെ അതിർവരമ്പുകൾ വിശാലമാക്കി. സഭ വളർന്നപ്പോൾ ഓരോ സ്ഥലത്തും ദൈവിക മർമ്മങ്ങൾ പ്രാബല്യത്തിൽ വരുത്താൻ അപ്പോസ്തോലന്മാർ സഭതോറും മൂപ്പന്മാരെയാക്കി. "അവർ സഭതോറും അവർക്ക് മൂപ്പന്മാരെ നിയമിക്കുകയും ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിൽ അവരെ ഭരമേല്പിക്കുകയും ചെയ്തു" അപ്പോ. 14:23. അപ്പോസ്തലന്മാർ ജീവിച്ചിരുന്ന കാലഘട്ടത്തിൽ പൗരോഹിത്യശ്രേണിയിൽ രണ്ടു സ്ഥാനങ്ങളെ ഉണ്ടായിരുന്നുള്ളൂ. ശെമ്മാശൻ, മൂപ്പൻ. സ്തേഫാനോസ് സഹദാ ശെമ്മാശനായിരുന്നുവല്ലോ. പുതിയ നിയമ പുസ്തകങ്ങളിൽ ഏറ്റവും ഒടുവിൽ രചിക്കപ്പെട്ടതെന്നു കരുതുന്ന 1 തീമോത്തി, 2 തീമോത്തി, തീത്തോസ് എന്നിവയിൽ പോലും ശെമ്മാശൻ മൂപ്പൻ എന്നീ സ്ഥാനികളേ കാണുന്നുള്ളൂ. എന്നാൽ ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലും രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലും സഭയിൽ പൗരോഹിത്യശ്രേണിയിൽ ത്രിതല സ്ഥാനങ്ങൾ രൂപം കൊണ്ടു. ശെമ്മാശൻ, മൂപ്പൻ, എപ്പിസ്കോപ്പാ.

**ക്രിസ്തുവിന്റെ പൗരോഹിത്യ ശുശ്രൂഷ മാനവജാതിയുടെ രക്ഷയും വീണ്ടെടുപ്പിനും വേണ്ടി പിതാവാം ദൈവത്താൽ നിയമിക്കപ്പെട്ട് അയയ്ക്കപ്പെട്ടതും, സാധാരണക്കാരിൽ സാധാരണക്കാരനായി ഭൂമയിൽ അവതരിച്ച്, മാനവജാതിയോട് പാപമൊഴികെ സകലത്തിലും താതാത്മ്യപ്പെട്ട്, രക്ഷണ്യ പ്രവർത്തനങ്ങൾ തികച്ച്, മറ്റുള്ളവർക്കു വേണ്ടി അതായത് ശത്രുക്കൾക്കും മിത്രങ്ങൾക്കുവേണ്ടി കുരിശിന്മേൽ അവസാന തുള്ളി രക്തവും ചീന്തി ബലിയായിത്തീർന്ന് ലോകത്തിന് രക്ഷയും വീണ്ടെടുപ്പും സാധിതമാക്കിത്തീർത്ത ശുശ്രൂഷയാണ്. അതേ ശൈലിയിലുള്ള ശുശ്രൂഷയാണ് സഭയുടെ പൗരോഹിത്യ ശുശ്രൂഷയിലും ദൈവം ഭരമേല്പിച്ചതും, സന്നിവേശിപ്പിച്ചതും, ആഗ്രഹിക്കുന്നതും.** "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" യോഹ. 20:21 എന്നു കല്പിച്ച ക്രിസ്തു അപ്പോസ്തോലന്മാരെ ഈ ശുശ്രൂഷ ഭരമേല്പിക്കുമ്പോൾ സഭയുടെ പൗരോഹിത്യ ശുശ്രൂഷ ക്രിസ്തുവിന്റെ പുരോഹിത ശുശ്രൂഷയുടെ തുടർച്ചയായി ഭവിക്കുന്നു. ഇന്നു സഭയിൽ ഈ ശൈലിയാണോ നിലനില്ക്കുന്നത്?

മദ്ധ്യനൂറ്റാണ്ടിൽ സഭാസ്ഥാനികളുടെ സ്ഥാനം അതിന്റെ പ്രൗഢിയുടെ പാരമ്യതയിലേക്ക് കുതിച്ചുയർന്നു. സഭയും രാഷ്ട്രവും തമ്മിൽ വേർതിരിവില്ലാത്ത അവസ്ഥയിലേക്കു വളർന്നു. രാജാവിന്റെ സ്ഥാനത്തോടു തുല്യമായ സ്ഥാനം ബിഷപ്പിനും വന്നു ചേർന്നു. കൈവയ്പിലൂടെ മൂപ്പനെ (overseer or Bishop) നിയമിക്കുക എന്ന ആത്മീയ ലോകത്തിലെ അപ്പോസ്തോലീക പാരമ്പര്യം ഭൗമലോകത്തിലെ രാജകീയ പ്രൗഢിക്കും പ്രതാപത്തിനും വഴിമാറി. "ബിഷപ്പിനെ വാഴിക്കുക", "സ്ഥാനാഭിഷേകം" "സ്ഥാനാരോഹണം" എന്നീ രാജകീയ മാനങ്ങളിലേക്കുയർന്നു. രാജാവിന്റെ "അരമന" തിരുമേനിയുടെ "അരമന"യായി മാറി. രാജാവിന്റെ "മേശ"യായി വളർന്നു. "രാജാവിന്റെ മേശയിലെ ഭക്ഷണം കൊണ്ടും രാജകീയ മേശയിലെ ഭോജനങ്ങൾ കൊണ്ടും ഞങ്ങൾ ഞങ്ങളെത്തന്നെ മലിനമാക്കുകയില്ല" എന്ന് എബ്രായ ബാലന്മാർ പറഞ്ഞപ്പോൾ രാജാവിന്റെ മേശയുടെ മോശം മനസ്സിലാകുമല്ലോ.

ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ ചർച്ച് റോമാധികാരത്തിൽ നിന്നും വേർപെട്ട് തങ്ങളുടെ തനിമ നിലനിർത്തിയപ്പോൾ അത് യഥാർത്ഥ സഭയല്ലന്ന് റോമാക്കാർ വാദിച്ചു. അതിനെ ഖണ്ഡിച്ചുംകൊണ്ടു ബിഷപ്പ് കെ.ഇ. കിർക്കെഴുതി where the biship is, there the church is. അതായത് എവിടെ ബിഷപ്പ് ഉണ്ടോ അവിടെ സഭയുണ്ട്. പ്രഥമ ശ്രവണത്തിൽ സുഖകരവും ശരിയുമാണന്നു തോന്നുന്ന ഈ പ്രസ്താവന മധുരത്തിൽ പൊതിഞ്ഞ മാരകബാണമാണ്. റോമൻ നുകം വലിച്ചെറിഞ്ഞപ്പോൾ നിലനില്പിനു വേണ്ടി എടുത്തണിഞ്ഞ ഈ പ്രസ്താവന ആദിമ നൂറ്റാണ്ടുകളിൽ ക്രോഡീകരിക്കപ്പെട്ട സഭാ വിശ്വാസത്തിനും, ബിഷപ്പ് സ്ഥാനത്തിന്റെ മഹിമയ്ക്കും കളങ്കം ചാർത്തുന്നു. സഭ കാതോലികവും, അപ്പോസ്തോലികവും, ഏകവും, വിശുദ്ധവുമാണെന്ന് പ്രഖ്യാപിക്കുന്ന ഏകതയിൽ നിന്നുമുള്ള വ്യതിചലനമാണത്. ആ വ്യതിചലനത്തെയും വേർപാടിനെയുമാണ് വിശ്വാസ ത്യാഗമായി കാണുന്നതും ചോദ്യം ചെയ്യപ്പെടുന്നതും. ആദിമ

# I[st] Death Anniversary

## 01-02-2006



## MATHEW EAPEN

**New Hyde Park, New York**

***Born: 10-21-1931***

***Died: 02-01-2005***

*"Safe in the arms of Jesus, safe on His gentle breast There by His love O'er shaded, sweetly my soul shall rest. You will be in our hearts always."*

*Inserted by:*

Sorrowing wife, Children and Family Members

ശപിച്ചും കഴിയുന്നൊരു രോഗിയുടെ ചിത്രമാണ് പക്ഷവാതക്കാരന്റേത്. പല പ്പോഴും ഇങ്ങനെയുള്ള 'ബന്ധനങ്ങൾ' തിരിച്ചറിയാതെ പോകുന്നതുവഴി ദുഃഖാ വസ്ഥ ജീവിതത്തിൽ നിലനില്ക്കുവാൻ ഇടയാകും. അത് ക്രമേണ നാസ്തിക ത്വത്തിലേക്ക് വഴി നയിക്കും. 2) പാപ ത്തിന്റെ ശമ്പളം മരണമാണെങ്കിൽ, രോഗം അതിന്റെ ശിക്ഷയുമാകുന്നു. പാപത്തിന് മൂന്ന് മുള്ളുകളുണ്ട്-ദൈവ ത്തോടുള്ള മറുതലിപ്പ്, മനസ്സാക്ഷി ക്കുത്താകുന്ന ദുഃഖം, ഭൗതിക ക്ഷതങ്ങ ളുടെ തകർച്ചയും അതുളവാക്കുന്ന വേദ നകളും. ഈ മുള്ളുകൾ യഥാക്രമം ആത്മാവിനേയും മനസ്സിനേയും ശരീര ത്തേയും കുത്തി മുറിവേല്പിക്കും. ഈ മുറിവുകൾ 'ആന്തരീക മുറിവുകളായി' നിലനില്ക്കുന്നിടത്തോളം ശരിയായ സമർപ്പണഭാവവും അതുളവാക്കുന്ന കൃപയുടെ നീരോട്ടവും അസാദ്ധ്യമായി ത്തീരും. 3) നിറഞ്ഞ സന്നദ്ധതയും സമർപ്പണവുമില്ലാതെ യേശുവിന് പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല. കാരണം മനുഷ്യ സൃഷ്ടിയിൽ നിലനി ല്ക്കുന്ന ദൈവീക ഭാവമായ 'സ്വാതന്ത്ര്യ'ത്തെ താൻ വിലമതിക്കുന്നു. 4) ഈ സാഹചര്യത്തിലാണ് ക്രിസ്തീയ സാക്ഷ്യത്തിന്റെ പ്രസക്തി. വ്യക്തിക ളായും സഭയായും ഈദൃശ്യ വ്യക്തി കളെ കണ്ടുപിടിച്ച് അവരെ ബോധ വൽക്കരിക്കുന്നതോടൊപ്പം യേശുവിന്റെ സന്നിധിയിലേക്ക് കൂട്ടികൊണ്ടു വരി കയും സമർപ്പിക്കുകയും ചെയ്യുന്നു. ആ നാലാളുകൾ ഏറ്റെടുത്ത കായിക ക്ലേശ ങ്ങളും, പരിശ്രമങ്ങളും സമർപ്പണവും വിശ്വാസവും എത്രയോ ഉദാത്തമായി രുന്നു? ഇതാണ് യഥാർത്ഥ മിഷന്റെ ഭാവം. 5) ഈ വാഹകരുടെ സമർപ്പണം രോഗിയുടേതായി സ്വീക രിച്ചു കൊണ്ട് അവനേയും അവന്റെ പാപരോഗങ്ങളേയും തമ്പുരാൻ ഏറ്റെ ടുത്തു. ചോദിക്കുന്നതിലും അർഹിക്കു ന്നതിലുമുപരി നമ്മേ കരുതുന്ന യേശു വിന്റെ 'ഏറ്റെടുക്കൽ' എത്രയോ ശ്രേഷ്ഠമാണ്?

2. രൂപാന്തരീകരണം

1) സമ്പൂർണ്ണരൂപാന്തരീകരണം പാപ ബന്ധനങ്ങളിൽ നിന്ന് ആത്മാവിനേയും, നിരാശയിൽ നിന്ന് മനസ്സിനേയും, തളർച്ചയിൽ നിന്ന് ശരീരത്തേയും മോചി പ്പിക്കുന്നു. ഇതാണ് നോമ്പിൽ നാമും പ്രാപിക്കേണ്ടത്. 2) രൂപാന്തരീകരണം പിൽക്കാല ജീവിതത്തിൽ അനേകർക്ക് അടയാളമായി ക്രിസ്തുവിന് സാക്ഷിയാ യിത്തീരുവാനുള്ള നിയോഗമായി ഭവിച്ചു 3) അനേകരിൽ നിന്ന് ദൈവത്തിന് മഹ ത്വമുയരുവാൻ തക്കവണ്ണം ഒരു വേദി ആകുകയും ചെയ്തു.

### C. പ്രായോഗിക ചിന്തകൾ

ആത്മശരീര മനസ്സുകൾ തളർന്ന വർക്ക് നാം എങ്ങനെ അനുഗ്രഹവാഹ കരാകും?

1. നോമ്പിന്റെ വ്രതാനുഷ്ഠാനത്തി ലൂടെയും അനുതാപം മൂലമുള്ള പാപ മോചനത്തിലൂടെയും ആത്മശരീര മന സ്സുകളുടെ തളർച്ച അകറ്റി നാം ശക്തീ കരിക്കപ്പെടണം.

2. നമ്മുടെ ചുറ്റുമുള്ളവർ നാം നിമിത്തം ദൈവസ്നേഹം പ്രാപിക്കാൻ ഇടയാകാതെ തളർന്നു പോകാനിടയാക രുത്. പാപത്തിൽ തഴമ്പിച്ച് യേശുവിന് അന്യരായി രോഗാവസ്ഥയിൽ കഴിയുന്ന വരെ കണ്ടുപിടിച്ച്, പാപത്തെ വെറു ത്തുപേക്ഷിക്കുവാനും രോഗാവസ്ഥ യിലും സ്തുതിക്കുവാനും അവരെ ബോധവൽക്കരിക്കുന്നതോടൊപ്പം അതിന് നാം തന്നെ മാതൃകകളായി പ്രേരണ നൽകുകയും ചെയ്യണം.

3. മദ്ധ്യസ്ഥ പ്രാർത്ഥന വഴി മറ്റു ള്ളവരെ യേശുവിന്റെ സന്നിധിയിൽ പരിപൂർണ്ണ വിശ്വാസത്തോടെ സമർപ്പിക്കുക.

4. ക്രൈസ്തവ സാക്ഷ്യ വഴികളി ലുണ്ടാകുന്ന തടസ്സങ്ങൾ നേരിടുവാനും നീക്കം ചെയ്യുവാനുമുള്ള പ്രതിബന്ധ തയും ഉത്സാഹവും നമ്മിൽ കെട്ടടങ്ങി പ്പോകരുത്.

5. രക്ത ചംക്രമണ ശോഷണവും നാഡീവ്യവസ്ഥയുടെ ഉദ്ദീപനശോഷണ വും, ശരീര മരവിപ്പും നമ്മിൽ തളർച്ച യുണ്ടാകും. ഇതു പോലെ ദൈവ-മനു ഷ്യ-പരിസ്ഥിതി ബന്ധങ്ങളിലുള്ള വികല്പവും ശോഷണവും ഏകാന്തതയി ലേക്കും ആത്മീയ തളർച്ചയുടെ അനു ഭവത്തിലേക്ക് നമ്മേയും മറ്റുള്ളവരേയും നയിക്കും. ആകയാൽ നല്ല ബന്ധങ്ങൾ വ്യത്യസ്ത തലങ്ങളിൽ നിലനിർത്തു വാൻ നാം ശ്രദ്ധാലുക്കളാകണം. ❖

## പ. വട്ടശ്ശേരിൽ തിരുമേനിയുടെ 72-ാം ഓർമ്മപ്പെരുന്നാൾ പഴയസെമിനാരിയിൽ

മലങ്കരസഭയുടെ പ്രഖ്യാപിത പരിശുദ്ധനായ സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയുടെ 72-ാം ഓർമ്മപ്പെരുന്നാൾ സംബന്ധിച്ച് അഭി. മാത്യൂസ് മാർ എപ്പിഫാനിയോസിന്റെ അദ്ധ്യക്ഷതയിൽ പഴയ സെമിനാരിയിലെ സോഫിയാ സെന്ററിൽ കൂടിയ ആലോചനായോഗം പെരുന്നാൾ ഫെബ്രുവരി 19 മുതൽ 23 വരെയുള്ള ദിവസങ്ങളിൽ പഴയസെമി നാരിയിൽ ആഘോഷമായി നടത്തണമെന്ന് നിശ്ചയിച്ചു. അഭി. തോമസ് മാർ അത്താനാസിയോസ് വിജ്ഞപ്തി പ്രസംഗം നടത്തി.

ഫെബ്രുവരി 19-ാം തീയതി ഞായറാഴ്ച പെരുനാൾ കൊടിയേറും. 19,20,21 എന്നീ ദിവസങ്ങളിൽ വൈകുന്നേരം യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, യാക്കോബ് മാർ ഐറേനിയോസ്, സഖറിയാസ് മാർ തെയോഫിലോസ് എന്നി വർ അനുസ്മരണ പ്രസംഗം നടത്തു. 22-ാം തീയതി വൈകുന്നേരം 7 മണിക്ക് കോട്ടയം ചെറിയപള്ളിയിൽ നിന്നും ഭക്തിനിർഭരമായ റാസയും മാർ ഏലിയാ കത്തീഡ്രലിൽ നിന്നും വികാരിയുടെയും ഓർത്തഡോക്സ് യുവജനപ്രസ്ഥാ നത്തിന്റെയും നേതൃത്വത്തിൽ പദയാത്രയും ഉണ്ടായിരിക്കും. പ. കാതോലിക്കാ ബാവാ ഭക്തജനങ്ങളെ ആശീർവദിക്കും.

23-ാം തീയതി രാവിലെ 8.15-നു പ. ദിദിമൊസ് പ്രഥമൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ മൂന്നിന്മേൽ കുർബ്ബാന, കബറിങ്കൽ ധൂപ പ്രാർത്ഥന, കൈമുത്ത് എന്നിവയ്ക്കു ശേഷം റാസയും നേർച്ച വിളമ്പും ആശീർവാദവും ഉണ്ടായിരിക്കും.

## പ്രതിമാസ ചിന്തകൾ

# പ്രതിജ്ഞകൾ നിറവേറ്റുക! ദൈവപ്രസാദം നേടുക!




**1968** ഒക്ടോബർ മാസം മെക്സിക്കോയിലെ ഒളിംപിക്സ് സ്റ്റേഡിയത്തിൽ നടന്ന അവിസ്മരണീയമായ ഒരു സംഭവം മാധ്യമങ്ങൾ അന്ന് വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നു. ഒളിംപിക്സ് മാരത്തൺ ഓട്ടത്തിലെ വിജയികളെ വരവേല്ക്കാൻ കാണികൾ ആകാംക്ഷയോടെ കാത്തിരിക്കുകയായിരുന്നു. പ്രതീക്ഷിച്ചതിലും ഏതാണ്ട് ഒരു മണിക്കൂർ മുൻപുതന്നെ എത്യോപ്യക്കാരൻ മാമോ വോൾഡെ ഒന്നാമനായി സ്റ്റേഡിയത്തിനുള്ളിലേക്കു പ്രവേശിച്ചു. ഹർഷാരവത്തോടെ കാണികൾ അദ്ദേഹത്തെ സ്വീകരിച്ചു. താമസിയാതെ രണ്ടാമനും മൂന്നാമനും മറ്റു വിജയികളും ഓടിയെത്തി. മത്സരത്തിലെ അവസാനത്തെ ഓട്ടക്കാരനെ കാണാൻ ജനം ആകാംക്ഷയോടെ കാത്തിരുന്നു. നേരം സന്ധ്യയോടടുക്കാറായി. ഇരുട്ടു വ്യാപിച്ചു കഴിഞ്ഞു. അന്തരീക്ഷം തണുത്തു തുടങ്ങി. അപ്പോഴതാ സൈറൺ മുഴങ്ങി പോലീസ് അകമ്പടിയോടെ അവസാനത്തെ ഓട്ടക്കാരൻ മാരത്തൺ ഗേറ്റിലേക്കു പ്രവേശിക്കുന്നു. ടാൻസാനിയക്കാരൻ ജോൺ സ്റ്റീഫൻ അക്വാരി ആയിരുന്നു അത്. 26 മൈൽ ഓടിത്തീർക്കേണ്ട മാരത്തൺ മത്സരത്തിലെ അവസാനത്തെ 400 മീറ്റർ പൂർത്തിയാക്കാൻ അയാൾ പണിപ്പെടുകയായിരുന്നു. ഓടിക്ഷീണിതനായ അക്വാരിയുടെ കാലിലെ രക്തധമനികൾ പൊട്ടി ചോര ഒലിക്കുന്നത് വികാരഭാരത്തോടെ കാണികൾ വീക്ഷിച്ചു. ഓട്ടത്തിൽ പലപ്രാവശ്യം വീണ് കാലിനു മുറിവ് പറ്റിയിരുന്നു. എങ്കിലും മത്സരത്തിൽ നിന്നയാൾ പിന്മാറിയില്ല. ഓട്ടം പൂർത്തിയാക്കിയ ജോൺ സ്റ്റീഫൻ അക്വാരിയെ കാണികൾ ഉച്ചത്തിൽ കൈയ്യടിച്ചു സ്വീകരിച്ചു. കാലിലെ മുറിവുകളിലൂടെ രക്തം വാർന്ന് ക്ഷീണിതനായിട്ടും, ഒളിംപിക്സ് മെഡൽ ലഭിക്കയില്ല എന്നുറപ്പായിട്ടും ഡോക്ടേഴ്സ് വിലക്കിയിട്ടുപോലും എന്തുകൊണ്ട് മത്സരത്തിൽ നിന്ന് പിന്മാറാതെ പിടിച്ചു നിന്നു എന്നറിയാനായിരുന്ന പലർക്കും മോഹം. കിതച്ചുകൊണ്ട് സ്റ്റേഡിയത്തിൽ തളർന്നിരുന്ന അക്വാരിയുടെ മറുപടി ഇതായിരുന്നു. "എന്റെ രാജ്യം എന്നെ മെക്സിക്കോയിലേക്കയച്ചത് മാരത്തൻ ഓട്ടം തുടങ്ങി വയ്ക്കാനല്ല പൂർത്തിയാക്കാനായിരുന്നു. ഞാൻ ആ പ്രതിജ്ഞ നിറവേറ്റുകയായിരുന്നു."

മാരത്തൺ ഓട്ടത്തിലെ താല്ക്കാലികമായ വേദനകളെക്കാളുപരി രാജ്യം തന്നിലർപ്പിച്ച വലിയ പ്രതീക്ഷയിലും താൻ രാഷ്ട്രത്തിനു നൽകിയ വാഗ്ദാനത്തിലുമായിരുന്നു അക്വാരിയുടെ കണ്ണുകൾ. മനുഷ്യ ജീവിതത്തെ നയിക്കേണ്ട ഒരു വലിയ തത്വമാണദ്ദേഹം വെളിപ്പെടുത്തിയത്. നാം ഓരോരുത്തരും ഓരോ പ്രത്യേക ഉദ്ദേശ്യത്തിനു വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. യോഗികൾ ഇതിനെ 'ധർമ്മം' (Dharma) എന്നു വിളിക്കുന്നു. സൃഷ്ടിക്കപ്പെട്ട നാളിൽത്തന്നെ ദൈവവുമായി നാം ഒപ്പുവച്ച അദൃശ്യമായ ഒരുടമ്പടിയായിട്ടാണ് വിശുദ്ധ ഗ്രന്ഥം ഇതിനെ കാണുന്നത്. സാഹചര്യങ്ങൾ എത്രമാത്രം ബുദ്ധിമുട്ടുള്ളതാണെങ്കിലും ധർമ്മം അനുഷ്ഠിച്ച് പ്രതിജ്ഞകൾ നിറവേറ്റാനാണ് ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നത്. (സംഖ്യാ പുസ്തകം 30:1-2). ദൈവവുമായുള്ള നമ്മുടെ പ്രതിജ്ഞകൾ പാലിക്കുമ്പോൾ നമുക്ക് സംതൃപ്തിയും സമാധാനവും ലഭിക്കുമെന്ന് വി. പൗലൂസ് (ഫിലിപ്പിയർ 4:10-14) നമുക്കുറപ്പു തരുന്നു. ധർമ്മങ്ങൾ നിറവേറ്റാനുള്ള ശക്തിയും കഴിവും ദൈവം നമുക്കു തന്നിട്ടുണ്ട്. ഓരോരുത്തരും അതു കണ്ടുപിടിച്ചു പ്രവർത്തിക്കുകയേ വേണ്ടൂ. ഒരു ഗ്രന്ഥകാരൻ എഴുതി. "കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ച എല്ലാ വീഴ്ചകൾക്കും ഉള്ള ഏക പ്രതിവിധി ക്ഷമായാചനമാണെങ്കിൽ അനിശ്ചിതമായ ഭാവിയിലുണ്ടാകാവുന്ന എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഏക പരിഹാരമാർഗ്ഗം ദൈവവുമായി നാം ഒപ്പിട്ടിരിക്കുന്ന പ്രതിജ്ഞകൾ പാലിക്കുകമാത്രമാണ്." ജീവിതം മുഴുവൻ ഉടമ്പടികളാണ്. വിവാഹബന്ധം വേർപെടുത്താൻ തീരുമാനിക്കുന്ന ഭാര്യാഭർത്താക്കന്മാർ ഒന്നിച്ചു ജീവിക്കാൻ പ്രതിജ്ഞ ചെയ്ത ഉടമ്പടിയെക്കുറിച്ചോർക്കണം. വൈദികൻ സഭയുമായുള്ള വാഗ്ദാനം പാലിക്കണം. അദ്ധ്യാപകൻ കുട്ടികളോടുള്ള കടമ നിറവേറ്റണം. പ്രതിജ്ഞകൾ പാലിക്കുക മാത്രമാണ് ദൈവപ്രസാദത്തിനുള്ള ഏകപോംവഴിയെന്ന് യിരമ്യാവു പ്രവാചകൻ നമ്മെ ഓർപ്പിക്കുന്നു. "പോകുവിൻ! നിങ്ങളുടെ നേർച്ചകളെ ഉറപ്പാക്കിക്കൊള്ളുവിൻ! പ്രതിജ്ഞകളെ പാലിക്കുവീൻ". (യിരെ. 44:25) എന്നദ്ദേഹം നമ്മോടാഹ്വാനം ചെയ്യുന്നു.

വാഗ്ദാനങ്ങൾ നിറവേറ്റുന്ന ദൈവമാണു നമുക്കുള്ളത്. ദൈവീക ഉടമ്പടികളുടെ സാക്ഷാത്ക്കാരമാണ് വി. ഗ്രന്ഥത്തിലുടനീളം കാണുന്നതെന്ന് സുവിശേഷകനും ഗ്രന്ഥകാരനുമായ ഡി.എൽ. മൂഡി രേഖപ്പെടുത്തിയിരിക്കുന്നു. ദൈവം നൽകിയ അനേകമായ ഉറപ്പുകളെക്കുറിച്ചോർത്തു നോക്കുക. അനേകായിരം വർഷങ്ങൾക്കു മുമ്പ് ദൈവം നോഹയുമായി ചെയ്ത പ്രതിജ്ഞയെക്കുറിച്ച് ആകാശത്തിൽ മഴവില്ലു കാണുമ്പോൾ നാം ഇന്നും ഓർക്കുന്നു. (ഉല്പ. 9:8-17). "എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു. എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും" (സദൃ. 8:17) എന്ന ഉറപ്പ് ലോകാവസാനത്തോളം ദൈവം പാലിക്കും. വിശ്വാസത്തോടെ അവനെ സ്നേഹിക്കുകയാണ് വേണ്ടത്. വൃദ്ധയായ ഒരു സ്ത്രീ താമസിച്ചിരുന്ന ഒരു ക്രിസ്തീയ ഭവനത്തിലേക്ക് ഒരിക്കൽ ഡോ. മൂഡി കടന്നുചെന്നു. പ്രാർത്ഥനാ സമയത്ത് ആ വൃദ്ധയുടെ ബൈബിൾ തുറന്നപ്പോൾ പുസ്തകത്തിലുടനീളം രണ്ടക്ഷരങ്ങൾ 'T' ഉം 'P' ഉം കൈകൊണ്ടെഴുതിയിരിക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടു. എന്താണീ രണ്ട് ഇംഗ്ലീഷ് അക്ഷരങ്ങൾകൊണ്ട് ഉദ്ദേശിച്ചതെന്നു ചോദിച്ചപ്പോൾ വൃദ്ധയുടെ മറുപടി ഇതായിരുന്നു Tried (T) and Proved (P) അതേ! ദൈവം നൽകിയ എല്ലാ പ്രതിജ്ഞകളും ആ വൃദ്ധയെപ്പോലെ നമുക്കും പരീക്ഷിച്ചു പരിശോധിക്കാവുന്നതാണ്.

(കെ.പി.ജെ.)





# വടകരപള്ളിയിലെ അതിക്രമം : വാർത്തയും, സത്യവും

വടകര സെന്റ് ജോൺസ് പള്ളിയിൽ സംഭവിച്ച കാര്യങ്ങൾ സഭാ കേസിന്റെയും സംഘട്ടനങ്ങളുടെയും ലോകത്ത് പുതിയൊരു മാനം സൃഷ്ടിച്ചിരിക്കുകയാണ്.

പ്രശ്ന ബാധിത പ്രദേശങ്ങളിൽ ഓടിച്ചെന്ന് വിവരങ്ങൾ തപ്പിപ്പെറുക്കി വാർത്തകൾ മെനയുന്ന മാധ്യമ സുഹൃത്തുക്കളുടെ അറിവിലേക്കുകൂടിയാണ് ഈ കുറിപ്പ്.

ചില പത്രങ്ങൾ 'വടകര യാക്കോബായ പള്ളിയിൽ' എന്ന തുടക്കത്തിൽ വാർത്തകൾ എഴുതിപ്പിടിപ്പിക്കുകയുണ്ടായി. വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയുടെ പേരിൽ 'യാക്കോബായ' എന്നു ചേർക്കുവാൻ പാടില്ലെന്ന് പള്ളി ഭരണസമിതിക്ക് എറണാകുളം ജില്ലാ കോടതി ഉത്തരവാണ് ഇവിടെ പേനാത്തുമ്പിലൂടെ വെട്ടിമാറ്റിയത്. ഓർത്തഡോക്സ് സഭാ ഭരണഘടനയോട് കൂറും വിധേയത്വവും പുലർത്തുമെന്ന് സത്യവാങ്മൂലം എഴുതി വാങ്ങിയിട്ടാണ് ഭരണസമിതിയംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടത് തന്നെ.

ഇനി സംഭവത്തിന്റെ യഥാർത്ഥ രൂപത്തിലേക്ക് കടക്കാം. വടകര സെന്റ് ജോൺസ് പള്ളിയിൽ കോടതി നിർദ്ദേശപ്രകാരം മൂന്നു തവണ ഓർത്തഡോക്സ് വൈദികർക്കും ഒരു തവണ പാത്രിയർക്കീസിനുമാണ് നൽകിയിരിക്കുന്നത്. ഈ നാലു വൈദികർക്കല്ലാതെ മറ്റാർക്കും തവണ നടത്തുവാൻ അനുവാദമില്ല. എന്തെങ്കിലും അസൗകര്യമുണ്ടെങ്കിൽ തവണ മാറ്റി നടത്തിയ സംഭവം നേരത്തെ ഉണ്ടായിട്ടുമില്ല. നേരത്തെ ഈ ഇടവക വികാരി ഫാ. ജോയി ഹൃദ്രോഗ ചികിത്സാർത്ഥം പോയപ്പോൾ മറ്റൊരു വൈദികനെ പ്രവേശിപ്പിക്കാൻ ഭരണകൂടം അനുവദിച്ചില്ല എന്നോർക്കുക. അതുപോലെ കാഞ്ഞിരമറ്റം പള്ളിയിൽ ഓർത്തഡോക്സ് വൈദികൻ പുളിമൂട്ടിൽ കോറെപ്പിസ്ക്കോപ്പാ ചികിത്സയിലായിരിക്കെ പകരക്കാരനായി മറ്റൊരാൾ വി. കുർബ്ബാന അർപ്പിക്കുവാൻ പാടില്ലെന്ന് പോലീസ് കർശന നിലപാട് സ്വീകരിക്കുകയുണ്ടായി. ഈ നിലപാടുകൾ അംഗീകരിച്ചുകൊണ്ടായിരുന്നു ഇത്രയും നാൾ മുന്നോട്ടു നീങ്ങിയിരുന്നത്.

പാത്രിയർക്കീസ് വൈദികൻ ഫാ. കെ. ജെ. തോമസിന്റെ അസൗകര്യം കണക്കിലെടുത്ത് മുൻപ് പോലീസും ഭരണകൂടവും സ്ഥാപിച്ചതുപോലെ മറ്റൊരാളെ പ്രവേശിപ്പിക്കില്ലെന്ന് നിലപാടാണ് ഓർത്തഡോക്സ് വിഭാഗം സ്വീകരിച്ചത്. മുൻകാലങ്ങളിൽ 'തവണക്കണക്കിൽ കോടതിവിധി' എന്ന ന്യായം പുലമ്പിയിരുന്ന പോലീസും ഇപ്രാവശ്യം പഞ്ചപുച്ഛമടക്കി നിന്നു.

5.30-ന് രാത്രി നമസ്ക്കാരത്തിനുശേഷം ധ്യാനം നടത്തിക്കൊണ്ടിരുന്നവികാരിമാരുടെ നേരെ ഒരു പുരോഹിതന്റെ നേതൃത്വത്തിൽ എഴുപതോളം ഗുണ്ടാകൾ മാരകായുധങ്ങളുമായെത്തി.

അന്നേ ദിവസം വി. കുർബ്ബാന അർപ്പിക്കുവാൻ പാത്രിയർക്കീസ് ഭാഗത്തുനിന്നും നിയോഗിതനായി കറുത്ത കുപ്പായവും ധരിച്ചായിരുന്നു ഫാ. പോൾ തോമസ് ഗുണ്ടകളുമായി അകത്തുകടക്കാൻ ശ്രമിച്ചത്. ഭയന്ന് വാതിലുകൾ അടച്ച വൈദികരെ ആക്രമിക്കാൻ വാതിലുകൾ ചവിട്ടിത്തകർത്തു. ഹൃദ്രോഗിയായിരുന്ന ഫാ. ജോയി മാത്യു ഹൈക്കലായിൽ വീണുപോയി. വി. കുർബ്ബാന ചൊല്ലാൻ പകരക്കാരനായി ഒരുങ്ങിവന്ന ഫാ. പോൾ തോമസ് വകയായി ആദ്യത്തെ ചവിട്ട് അദ്ദേഹത്തിനു കിട്ടി. തുടർന്നു പൊതിരെ മർദ്ദനം. തളർന്നവശനായ ഫാ. ജോയിയെ പുറത്തേക്ക് എടുത്തെറിയുകയായിരുന്നു.

ശരീരമനങ്ങാതെ അരമനയിലിരുന്ന് അതിക്രമങ്ങൾക്ക് ആജ്ഞ കൊടുക്കുന്നവർക്കറിയില്ലല്ലോ മനുഷ്യവേദനയുടെ ചൂടും നീരും. ഖദറും, കളറും പുതച്ചിറങ്ങുന്ന രാഷ്ട്രീയരാവണന്മാർ ചാവേറുകളുടെയും അനുയായികളുടെയും 'ഉമ്മാക്കി' നോക്കി വിരണ്ടിരിക്കുന്നു. നിന്റെ സഹോദരൻ എവിടെ എന്ന ചോദ്യത്തിന് കൈമലർത്തിക്കാണിക്കുന്ന ഓർത്തഡോക്സ് വിശ്വാസികൾ ഉള്ളപ്പോൾ ആരെ പേടിക്കണം? എന്ത് അധാർമ്മികതയ്ക്കും കല്പന ഇറക്കി ആശിർവദിക്കുന്ന അന്ത്യോഖ്യയിലെ വിശുദ്ധരുള്ളപ്പോൾ നസ്രായനെ പേടിക്കേണ്ടതുമില്ല. അന്നേ ദിവസം ചവിട്ടുനാടകത്തിനുശേഷം വി. കുർബ്ബാന അർപ്പിച്ച ഫാ. പോൾ തോമസ് എന്താണ് പ്രാർത്ഥിച്ചതെന്ന് അറിയാൻ ആഗ്രഹമുണ്ട്.

വാർത്താ ലേഖകൻ

# In Loving Memory of



JOHN EASOW





MARAMMA JOHN

**EASO JOHN & SARAMMA JOHN**

***Puthenparampil House***
***Kadapra P.o., Kumbanad***

"നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*Inserted by*
***Omana John & Family***
***P.T.P. Nagar, Trivandrum-38***

---

## 11TH DEATH ANNIVERSARY

**27-02-2006**

*For the blessed memory of*



**LUKOSE PODIYAN**
(Retd. Engineer CCL Bihar)

**NELIVILA HOUSE**
**ELAMPAL P.O.,**
**PUNALUR**

"Lord, give good remembrance to
Our departed parent
Write his name, When thou dost reign
There Thy book of life within. Halleluiah

*Inserted by:*

**Leelamma Podiyan**
**Shibu Podiyan**
**Marcy, Aaron, Kezia**
**Washington D.C.**
**U.S.A.**

---


# BASELIOS HIGHER SECONDARY SCHOOL

**DEVAGIRI, KANGAZHA-686555**

**(Run by Manohar hill Charitable Trust of Malankara Orthodox Church)**
**Un aided-Recognised-English Medium School**

## Admission Open to Kinder garten and Classes I to XII

- 100% Success every year-(8 state Rank holders in 6 years)

**Our Features**

- Co-Curricular Fields:- Sports & Games-Karatte-Yoga-Western dance-Folk and Classical dances. Instrumental & Vocal music. Science clubs-Maths clubs-, Social Science clubs-Nature clubs-Speakers Forum-, Service Forum-Scout & Guides. JRC.
- Service of Voluntary Teachers from England
- Well Setup Laboratories
- AC Computer Labs
- Well Stocked Library
- Spacious Reading Room
- Visual Education Facilities

**School Boarding in M.G.D.M. Campus. Admission for girls upto Class XII**

**Groups for Plus I & Plus II**

**A. Maths, Physics, Chemistry, Biology**
**B. Psycology, Biology, Physics, Chemistry**
**(A new combination - Suitable for medical, Nursing and para medical lines. Maths avoided.)**

*For More Details Contact:-*
**Fr. Geroge Patlattu (Principal)**
**0481-2494453, 2495044, 2495045**
**Mob: 9447142710**

*Other Institution run by Manohar hill Charitable Trust:-*

- MG.D.M. Hospital
- Theophilus College of Nursing,
- P. Gheevarghese Memorial School of Nursing
- Medical Laboratory Technology School.

**Varghese Paul**
**(Managing Trustee)**

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2006-08*
THE MALANKARA SABHA, CATHOLICATE OFFICE, KOTTAYAM-686 038

# 41-ാം ചരമ ദിനം
# 16-02-2006



## വി. ഐ. ഐസക്ക്
### വലിയപറമ്പിൽ
### വളഞ്ഞവട്ടം, തിരുവല്ല
(മണിക്കളം, പതാവ്, ബല്ലാ പി. ഓ., കടബാ, സൗത്ത് കർണാടക)

ഞങ്ങളുടെ വന്ദ്യ പിതാവ് വി. ഐ. ഐസക്കിന്റെ സംസ്ക്കാര ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്ത ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയോടും വൈദികരോടും, പ്രസ്തുത കർമ്മത്തിൽ വന്നു സംബന്ധിച്ച ബന്ധുമിത്രാദികളോടും നന്ദിയും കൃതജ്ഞതയും അറിയിക്കുന്നു.

വന്ദ്യ പിതാവിന്റെ 41-ാം ചരമദിനമായ ഫെബ്രു. 16-ന് വ്യാഴാഴ്ച രാവിലെ 9 മണിക്ക് പതാവ് ഓർത്തഡോക്സ് പള്ളിയിൽ വി. കുർബാനയും തുടർന്നു ധൂപപ്രാർത്ഥനയും.

മക്കൾ

1. വെരി. റവ. വി. ഐ. മാത്യൂസ് കോർഎപ്പിസ്ക്കോപ്പാ
2. Late Mr. വി. ഐ. ജോസഫ്
3. Mr. വി. ഐ. ഏബ്രഹാം
4. Mrs. ഏലിയാമ്മ സ്ക്കറിയാ (കുഞ്ഞുമോൾ), കാനഡാ
5. Mrs. അന്നമ്മ ഫിലിപ്പ് (ശാന്തമ്മ), ന്യൂയോർക്ക്
6. Mrs. മറിയാമ്മ തോമ്മസ് (ലൈല), ന്യൂയോർക്ക്

1. Late Mrs. അച്ചാമ്മ മാത്യൂസ്
2. Mrs. ഏലിയാമ്മ ജോസഫ്
3. Mr. സ്ക്കറിയാ ഫിലിപ്പ്, കാനഡാ
4. Mrs. മറിയാമ്മ ഏബ്രഹാം
5. Mr. രാജു ഫിലിപ്പ്, ന്യൂയോർക്ക്
6. Mr. തോമസ് മാത്യു, ന്യൂയോർക്ക്

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT MAYUR PRINTERS, KOTTAYAM FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JOHN PANICKER. RS. 7/-